വാർഷിക വരിസംഖ്യ 100 രൂപ

# നിയോഗം

Reg.No. E-3884/05/K.Div.

ബ്രദറൺ വാർത്താ പത്രിക

പുസ്തകം 10, ലക്കം 5 2012 മെയ് 5

ഉൾപ്പേജുകളിൽ...

| | |
|---|---|
| വേദപുസ്തകത്തിലെ... | 3 |
| ഈ സമയത്തു മിണ്ടാതിരുന്നാൽ | 3 |
| ആർക്കും ഇഷ്ടനാകാതെ... | 4 |
| പഴയപുറം | 4 |
| വാർത്തകൾ... | 6 |

# സൗത്ത് തമിഴ്നാട് ബ്രദറൺ കോൺഫ്രൻസ് ആരംഭിച്ചു.




കർത്തൃദാസൻ ഐസക്ക് മണ്ണൂർ ദൈവവചനം ശുശ്രൂഷിക്കുന്നു...



വചനത്തിന് കാതോർത്ത്....

**കുറ്റാലം:** സൗത്ത് തമിഴ്നാട് ബ്രദറൺ കോൺഫ്രൻസിന്റെ 40-ാം സമ്മേളനം കുറ്റാലം ട്രാവൻകൂർ പാലസ്സിൽ ആരംഭിച്ചു. കർത്തൃദാസന്മാരായ ഐസക്ക് മണ്ണൂർ, എം.വി. ബാബു, ഡേവിഡ് ഡെൽഫിൻ തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിക്കുന്നു. മെയ് 1 ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ പ്രസിഡന്റ് കുട്ടിരാജ് ആമുഖ സന്ദേശം നൽകി. സുന്ദർ രാജ് അരുളാച്ചി, സ്വാമി ചെങ്കോട്ട, ചെല്ലദുരൈ, ഭാഗ്യരാജ്, കോവിൽപിള്ളൈ തുടങ്ങിയവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. 'എന്റെ സ്നേഹത്തിൽ വസിപ്പിൻ' (യോഹ. 15:9) എന്നതാണ് ക്യാമ്പ് തീം. 1500 ഓളം പേർ പങ്കെടുക്കുന്ന ഈ കോൺഫ്രൻസിൽ പ്രാരംഭ ദിവസം തന്നെ സഹോദരി സഹോദരന്മാർ തങ്ങളുടെ ഗണ്യമായ സാന്നിദ്ധ്യം ശ്രദ്ധേയമായി. സൗത്ത് തമിഴ്നാട്ടിലെ 40 സഭകളുടെ സഹകരണത്തിൽ നടത്തുന്ന ഈ കോൺഫ്രൻസ് സഭകളെ തമ്മിൽ ഒന്നിപ്പിക്കുവാനും ആത്മീക അഭിവൃദ്ധി വരുത്തുവാനും 150 വർഷം മുമ്പ് ആരംഭിച്ച ബ്രദറൺ പ്രവർത്തനത്തിന്റെ പൈതൃകം നിലനിർത്തുവാനും കൂടുതലായി ഉതകട്ടെ എന്ന് പ്രാർത്ഥിക്കാം. തമിഴ് നാട്ടിലെ തന്നെ ഏറ്റവും വലിയ കോൺഫ്രൻസ് ആണിതെന്നും സ്മരണീയമാണ്.

## ഇന്ത്യൻ ബ്രദറൺ ഫെലോഷിപ്പ് ഫാമിലി കോൺഫ്രൻസ് 2012



ജോൺ പി.തോമസ് & ജോൺ ഗോർഡൻ

**മാരിയോൻ :** ഇന്ത്യൻ ബ്രദറൺ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഫാമിലി കോൺഫറൻസ് 2012 ഇന്ത്യാനയിലെ വെസ്ലീയൻ യൂണിവേഴ്സിറ്റിയിൽ വച്ചു ജൂലൈ 4 മുതൽ 8 വരെ നടക്കുന്നതാണ്. വിശുദ്ധന്മാരെ ക്രിസ്തുശരീരത്തിന്റെ കെട്ടുപണിക്കായ് ഒരുക്കുക (എഫെ. 4:12) എന്നതാണ് ക്യാമ്പ് തീം. സഹോദരന്മാരായ ജോൺ ഗോർഡൻ, നാറ്റ് ബ്രാമ്സെൻ, ജോൺ പി. തോമസ് എന്നിവർ മുഖ്യപ്രസംഗകരാണ്. Contact: email:info@ibfus.org, Ph: (917) 2974090

## സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫ്രൻസ്

**ഹൂസ്റ്റൺ:** ഈ വർഷത്തെ സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫ്രൻസ് ജൂൺ 8 മുതൽ 10 വരെ ഹൺസ്വില്ലയിലുള്ള സാം ഹൂസ്റ്റൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ വച്ചു നടത്തുന്നതാണ്. ഡോ. സ്റ്റീവ്പ്രൈസ്, ജോൺ പി. തോമസ്, പി. വി. തമ്പി, ആഷ്ലി കുര്യൻ എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. "നിങ്ങളുടെ വഴികളെ വിചാരിപ്പിൻ" എന്നതാണ് കോൺഫ്രൻസ് തീം. പ്രവർത്തന വിജയത്തിനായി അലക്സാണ്ടർ ഡാനിയേൽ (സെക്രട്ടറി), മാത്യു വൈരമൺ ട്രഷറർ), ജോസ് ചെറിയാൻ (മ്യൂസിക് കോ-ഓർഡിനേറ്റർ), ആഷ്ലി, തോമസ്, ജെറി മോഡയിൽ (യൂത്ത് കോ-ഓർഡിനേറ്റേഴ്സ്) എന്നിവരുടെ നേതൃത്വത്തിൽ നല്ലൊരു സംഘാടക കമ്മറ്റി പ്രവർത്തിക്കുന്നു. തൃശൂർ രഹബോത്തിലെ മിസ് ട്രഷറർ വിശിഷ്ടാതിഥിയായി എത്തുന്നു. ഈ വർഷത്തെ യോഗത്തിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിപ്പാനപേക്ഷ.

# നമുക്കു മുൻപിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക...

കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ട സുവിശേഷകനും രചയിതാവുമായ സഹോ. ടി.കെ. പീറ്ററിന്റെ നിയോഗത്തിന് അയച്ചുതന്ന അവസാന ലേഖനമാണിത്.

"**ആ**കയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്ക് ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക. തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അപമാനം അലക്ഷ്യമാക്കിക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ" എബ്രാ. 12:1-3. ക്രൈസ്തവജീവിതത്തെ ഓട്ടക്കളത്തിലെ ഓട്ടമായും വിശ്വാസിയെ ഓട്ടക്കാരനായും ചിത്രീകരിച്ചിരിക്കുന്നു. സാക്ഷികളുടെ സമൂഹം എന്നു പറയുന്നത് പതിനൊന്നാമദ്ധ്യായത്തിൽ പറയുന്ന വിശ്വാസവീരന്മാരെക്കുറിച്ചാണ്, സത്യത്തിന് സാക്ഷ്യം വഹിച്ചവരായതുകൊണ്ടാണ് സാക്ഷികൾ എന്ന് പറഞ്ഞിരിക്കുന്നത്. രംഗസ്ഥലത്ത് മേഘങ്ങൾ ഒന്നിന് മീതെ ഒന്നായി ഇരിപ്പിടങ്ങളിൽ പതിനായിരക്കണക്കിന് കാണികൾ ഇരിക്കുന്നതിനെ മേഘത്തോട് സാമ്യപ്പെടുത്തിയിരിക്കയാണ്. നമ്മുടെ ചുറ്റും മരിച്ചുപോയ വിശുദ്ധന്മാർ നമ്മുടെ ഓട്ടത്തെ അക്ഷരാർത്ഥത്തിൽ നോക്കി നിൽക്കുന്നുവെന്നല്ല പതിനൊന്നാമദ്ധ്യായത്തിലെ വിശ്വാസവീരന്മാർ എപ്രകാരം അവരുടെ ഓട്ടം ഓടിയോ അതുപോലെ നാമും നമ്മുടെ വിശ്വാസ ജീവിതം നയിക്കുന്നതിന് അവരുടെ ജീവിതം മാതൃകയായിരിക്കുന്നുവെന്ന് സൂചിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ഓടേണ്ടതെങ്ങനെ? 1 കൊരി. 9:24. രണ്ട് കാര്യങ്ങൾ ചെയ്തുകൊണ്ട് ഓടണം. പാപവും ഭാരവും വിടണം; യേശുവിനെ നോക്കണം.

### സകലഭാരവും

ഓട്ടത്തിന്ന് പ്രതിബന്ധം സൃഷ്ടിക്കുന്ന എല്ലാറ്റിൽ നിന്നും ഒഴിയണം. അക്കാലത്ത് സ്റ്റേഡിയത്തിൽ ഓടിയിരുന്നവർ മിക്കവാറും നഗ്നരായിട്ടാണ് ഓടിയിരുന്നത്. ഓട്ടക്കാരൻ ഭാരമുള്ള വസ്ത്രമൊന്നും ധരിക്കയില്ലെന്ന് മാത്രമല്ല പരിശീലനകാലത്ത് സ്വന്തശരീരത്തിലെ ദുർമ്മേദസ്സ് ഇല്ലാതാക്കി അങ്ങനേയും ഭാരം കുറയ്ക്കും. പാപകരമായ പ്രവർത്തികൾ മാത്രമല്ല ചിന്താകുലവും അവിശ്വാസവും പാപമയമായ ആഗ്രഹങ്ങളും മാനസീകമായി ഭാരമുണ്ടാക്കുന്നവയാണ്. ഒരാൾക്ക് ഭാരമായി തോന്നുന്നത് അപരന് ഭാരമായി തോന്നണമെന്നില്ല. ഇതിനെക്കുറിച്ച് ഒരു മഹാൻ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. "ആവശ്യമില്ലാത്ത ഒന്ന് ആവശ്യമാണെന്ന് കരുതി നാമെടുക്കുന്നത് ഒരു ഭാരമാണ്. അത് ഒരു കർത്തവ്യമല്ല. കർത്തവ്യം ഭാരമല്ലല്ലൊ. ആളുകൾ ഭാരം ചുമന്നിട്ട് അത് കർത്തവ്യമാണെന്ന് തെറ്റായി പറഞ്ഞേക്കാം. ഇക്കാലത്തെ ക്രിത്രിമ ജീവിതരീതികളും ഒരുവന്റെ സ്ഥിതിക്കൊത്ത് മറ്റുള്ളവന്റെ മുൻപാകെ ജീവിക്കണമെന്ന ഭാവവും മുതുകിന് ഭാരം കൂട്ടുന്നവയാണ്. ഉദാ. ഒരാൾ ഒരു കാർ വാങ്ങിയാൽ തനിക്കും വേണം ഒരു കാർ. ഒരു മനോഹരമായ വീട് പണി കഴിപ്പിച്ചാൽ തനിക്കും അതുപോലൊരു വീടുണ്ടാക്കണം. ഇങ്ങനെ നോക്കുമ്പോൾ ഒരു പാട് കാര്യങ്ങൾ ലിസ്റ്റിൽ വരും. നമുക്ക് ആവശ്യമാണെങ്കിൽ മാത്രമെ ഒരു കാർ വാങ്ങിക്കാവൂ. അതുപോലെ മറ്റു കാര്യങ്ങളും. ഒരു വിശ്വാസി ഒരു പ്രധാന കാര്യത്തിനൊരുമ്പെടുമ്പോൾ പത്തു പ്രാവശ്യമല്ല അതിൽ കൂടുതലും ദൈവസന്നിധിയിൽ മുഴങ്കാൽ മടക്കണം. ക്രിസ്തുവിന്റെ നാമത്തിൽ ഓടേണ്ട എല്ലാവരും ഒന്നാമതായി പ്രതിബന്ധങ്ങളെയെല്ലാം ദുരീകരിക്കണം. ചിലർക്ക് സ്വന്തക്കാരെ വിട്ടു പിരിയാൻ വിഷമം. അബ്രഹാം സ്വന്തക്കാരെയും ചാർച്ചക്കാരെയും സ്വന്തദേശത്തേയും വിട്ടു. എന്നാൽ തേറഹിന്റെ മരണം വരെ അഞ്ചു വർഷം ഹാരാനിൽ പാർക്കേണ്ടി വന്നു.


### മുറുകെപ്പറ്റുന്ന പാപം

മുറുകെപ്പറ്റുന്ന പാപം എന്താണെന്നുള്ള തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകണം. ഇവിടെ ഒരു പ്രത്യേക പാപത്തിന്റെ പേര് എടുത്ത് പറയുന്നില്ല.

(ശേഷം പേജ് 5-ൽ)

സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്...

## എഡിറ്റോറിയൽ



# അവൻ വാതിൽക്കൽ

**ലോ**കത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ക്രൈസ്തവ പീഢനത്തേക്കുറിച്ചുള്ള വാർത്തകൾ വന്നു കൊണ്ടിരിക്കുന്നു. മുമ്പ് ഇസ്ലാം, കമ്യൂണിസ്റ്റ്, ഹൈന്ദവ മേഖലയിൽ നിന്നും, ആദ്യനാളുകളിൽ യെഹൂദ, റോമാ മതത്തിൽ നിന്നും ഉണ്ടായിരുന്ന എതിർപ്പുകൾ ഇന്ന് ക്രൈസ്തവ രാജ്യങ്ങളെന്നു അറിയപ്പെടുന്ന രാജ്യങ്ങളിൽ നിന്നും പോലും സുവിശേഷവല്ക്കരണത്തിന്നും സഭകൾക്കും എതിരായി വർദ്ധിച്ചുവരുന്നു.

മാത്രമല്ല, ലോകത്തിൽത്തന്നെ ഭൂകമ്പം, മഹാമാരി, ക്ഷാമം, മഹാരോഗം തുടങ്ങിയ അനർത്ഥങ്ങളാൽ മനുഷ്യരാശി വീർപ്പു മുട്ടുന്നു. വിലക്കയറ്റത്താൽ സാധാരണ ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ ചിലയിടങ്ങളിൽ ഭക്ഷണം പോലും കിട്ടാത്ത അവസ്ഥയുണ്ട്. എന്നാൽ ഇതെല്ലാം അനുഭവിക്കുമ്പോഴും ഇതിന്റെ മദ്ധ്യേ സന്തോഷത്തോടും സമാധാനത്തോടും കൂടെ ജീവിക്കയും സഹജീവികളെ സ്നേഹിക്കയും അവരുടെ ആത്മീയഭൗതീക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കയും ചെയ്യുന്ന സത്യസുവിശേഷകരെ ആക്ഷേപിക്കയും ആക്രമിക്കയും ചെയ്യുന്ന സ്ഥിതി ആശാവഹമല്ല.

സൗദി തുടങ്ങിയ രാജ്യങ്ങളിൽ ക്രൈസ്തവ ദേവാലയങ്ങൾ പൊളിച്ചു നീക്കണം എന്ന ആവശ്യം വരെ ഉന്നയിക്കുമ്പോൾ ആഗോളപരമായ സമാധാനസ്ഥിതിക്കു തന്നെ താളം തെറ്റും എന്നറിക. ഇന്ത്യയിൽ ക്രിസ്ത്യാനികൾ ന്യൂനപക്ഷമാണെങ്കിലും അവരിലൂടെ ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന ജനത അനുഭവിക്കുന്ന നന്മകൾ വിസ്മരിച്ചുകൂടാ. ലോകത്തിലെ ഒരു ഗവൺമെന്റിനെതിരെയും സത്യക്രിസ്ത്യാനികൾ സമരത്തിനോ അക്രമത്തിനോ മുതിരുന്നില്ല എന്നതും മറക്കരുത്. ക്രൈസ്തവ സഭയെ ഉന്മൂലനം ചെയ്യാനിറങ്ങിയ ശൗലിനോട് "എന്നെ ഉപദ്രവിക്കുന്നതെന്ത്" എന്ന ചോദ്യത്തോടെയാണ് കർത്താവ് എതിരേറ്റത്. മുള്ളിനോടു ഉതയ്ക്കുന്നതു നിനക്കു വിഷമമാകുന്നു" എന്നും അവിടുന്നു ഓർപ്പിച്ചു (പ്രവൃ.26:16).

ലോകത്തിലെ ഈ സംഭവങ്ങളെല്ലാം കാണുമ്പോൾ ദൈവജനമായ നമുക്ക് ഓർക്കുവാനുള്ളത് നമ്മുടെ കർത്താവിന്റെ വാക്കാണ്. അവൻ വാതിൽക്കൽ.

ഇവിടെ നമുക്കു ഭാരിച്ച ഉത്തരവാദിത്വം ചെയ്തു തീർക്കുവാനുണ്ട്. സമൂഹത്തിന്റെ മദ്ധ്യത്തിലും ദൈവജനത്തിന്റെ മദ്ധ്യത്തിലും നമ്മെ ദൈവം ആക്കി വച്ചിരിക്കുന്നതിന് വ്യക്തമായ ഉദ്ദേശ്യമുണ്ട്. അബ്രഹാമിനേപ്പോലെയും ശമുവേലിനെപ്പോലെയും ദൈവസന്നിധിയിൽ നില്ക്കുവാനുള്ള കടപ്പാടു നമുക്കുണ്ട്. ഒപ്പം പൗലോസിനെപ്പോലെ ഏതു വിധത്തിലും ചിലരെ രക്ഷയിലേക്കു നയിക്കുന്നതിനുള്ള അദ്ധ്വാനവും.

ലോകത്തിനുള്ള രക്ഷാസന്ദേശം തന്റെ ദൂതന്മാരെ ദൈവം ഏൽപ്പിച്ചിരുന്നുവെങ്കിൽ നിമിഷങ്ങൾക്കുള്ളിൽ അവർ അതു നിർവ്വഹിക്കുമായിരുന്നു. എന്നാൽ രക്ഷയുടെയോ വീണ്ടെടുപ്പിന്റെയോ അനുഭവമില്ലാത്ത അവരെ അതു ഏൽപ്പിക്കാതെ നമ്മെ അതേൽപ്പിച്ചതിന്റെ കാരണം നമുക്കു ബോദ്ധ്യപ്പെട്ടിരുന്നുവെങ്കിൽ നാം ഇത്ര അലസരാകുമായിരുന്നില്ല. ഇത്ര ശ്രേഷ്ഠമായ ഈ പദവി ദുരുപയോഗം ചെയ്യുന്നതു ശിക്ഷാർഹമായ കുറ്റമാണ്. ദുഷ്ടനോടു തന്റെ ദുഷ്ടതയിൽ മരിക്കും എന്നോർപ്പിക്കാതിരുന്നാൽ അവന്റെ രക്തത്തിനു നാം ഉത്തരം പറയേണ്ടി വരും എന്ന് ഓർക്കുക. ആരെങ്കിലും ചിലരെയല്ല, നമ്മെ ഓരോരുത്തരേയും ഈ ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നു.

ആര് എന്ത് ചെയ്യണം എന്നല്ല. എന്നെ, നമ്മെ ദൈവം എന്തേല്പ്പിച്ചിരിക്കുന്നു എന്നു തിരിച്ചറിഞ്ഞു അതിൽ ശുഷ്കാന്തി കാണിക്ക എന്നതാണ് കരണീയം. അവനവന് ലഭിച്ച കൃപയ്ക്കൊത്തവണ്ണവും പ്രാപ്തിപോലെയും (1 പത്രോ. 4:10,12). നാം അതിൽ വിശ്വസ്തരായിരുന്നാൽ കൃപമേൽ കൃപ തന്നു, അത്യന്ത ശക്തിയാൽ ഭൂമിയെ ഇളക്കി മറിയ്ക്കുവാൻ അവിടുന്നു സഹായിക്കും.

"ചിലർ കൂടി മാനസാന്തരപ്പെടേണം എന്നു ഇച്ഛിച്ചു ദീർഘക്ഷമ കാട്ടുന്ന" കർത്താവിന്റെ വലിയ ആഗ്രഹം അനേകരെ മാനസാന്തരത്തിലേക്ക് നടത്താനുള്ള ശുശ്രൂഷ നാം ചെയ്യേണം എന്നതാണ്.

കൊള്ള കണ്ട കുഷ്ഠരോഗികളെപ്പോലെ 'നാം മിണ്ടാതിരുന്നാൽ...' എന്ന ചിന്ത നമ്മെ ഭരിക്കട്ടെ. കാരണം കൃപയുടെ വാതിൽ അടയാറായോ ആർക്കറിയാം.

അവൻ വാതിൽക്കൽ.....

ഇവാ. എം.വി. ബാബു

# സഭാഹാൾ ഉദ്ഘാടനം

പുളിയംകുടി: പുളിയൻകുടിയിൽ നടത്തിയ സുവിശേഷ പ്രവർത്തനത്തിന്റെ ഫലമായി അനുഗ്രഹിക്കപ്പെട്ട ഒരു സഭാകൂടിവര് ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. താല്ക്കാലിക സ്ഥലത്ത് കൂടിവന്നിരുന്ന സഭയിൽ വിശ്വാസികൾ വർദ്ധിച്ചു വന്നതോടെ ആരാധന സൗകര്യം പരിമിതമായിരുന്നു. വിശ്വാസികളുടെ പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും ഫലമായി SAI യുടെ പേരിൽ സ്ഥലം വാങ്ങുവാനും മനോഹരമായി ഒരു സഭാഹാൾ നിർമ്മിക്കുവാനും കർത്താവ് സഹായിച്ചു. സുവിശേഷന്മാരായ ചിന്നരാജും, ഫിലിപ്പുകുട്ടിയും ഹാൾ നിർമ്മാണത്തിലും മറ്റ് പ്രവർത്തനത്തിലും ആത്മാർത്ഥമായി പ്രവർത്തിച്ചു. കർത്തൃദാസൻ എം.വി. ബാബുവിന്റെയും കൂട്ടുസഹോദരന്മാരുടെയും സഹകരണം ഇവിടുള്ള പ്രവർത്തനത്തിന് അനുഗ്രഹകരമായിരുന്നു.

## നല്ല ഇടയൻ മിനിസ്ട്രി

നല്ല ഇടയൻ മിനിസ്ട്രി ന്യൂയോർക്ക് ഈ വർഷം 500 സ്കൂൾ കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ നൽകുന്നു. കഴിഞ്ഞ നിരവധി വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന ഈ സത് ഉദ്യമം ഈ വർഷവും തുടരുവാൻ കർത്താവ് കൃപ ചെയ്യുന്നു. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ദൈവജനം സഹകരിച്ചു. കേരളത്തിന്റെയും തമിഴ്നാടിന്റെയും വികസ്വര പ്രദേശങ്ങളിലും ആദിവാസികേന്ദ്രങ്ങളിലും ഉള്ള കുട്ടികളെ കേന്ദ്രീകരിച്ചാണ് പഠനോപകരണങ്ങളും മറ്റും വിതരണം ചെയ്യുന്നത്.

## 110 – ാമത് ബ്രദറൺ ജനറൽ കൺവൻഷൻ, കുമ്പനാട്

109–ാമത് ജനറൽ കൺവൻഷൻ അനുഗ്രഹകരമായി നടത്തുവാൻ ദൈവം കൃപ ചെയ്തു. 14–04–2012 ൽ കൂടിയ സഭാ പ്രതിപുരുഷയോഗതീരുമാനപ്രകാരം 110–ാമത് ജനറൽ കൺവൻഷൻ കുമ്പനാട്ടു വച്ച് 2012 ഡിസംബർ 23 ഞായർ മുതൽ 30 ഞായർ വരെ ക്രിസ്മസ് അവധിക്കാലത്ത് നടത്തുവാൻ ആഗ്രഹിക്കുന്നു. കുമ്പനാട്ടും സമീപപ്രദേശങ്ങളിലുമുള്ള 128 സ്ഥലം സഭകളുടെ സഹകരണത്തിൽ നടത്തുന്ന ഈ കൺവൻഷൻ അനുഗ്രഹപ്രദമാകുവാനും കർത്തൃനാമം മഹത്വപ്പെടുവാനും ദൈവജനം പ്രാർത്ഥിക്കണമെ. വിശദവിവരങ്ങൾ പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്. കൺവൻഷൻ കമ്മറ്റിക്കുവേണ്ടി കൺവീനർ

## കല്ലിശ്ശേരി – വി.ബി.എസ്. സമാപിച്ചു

കല്ലിശ്ശേരിയിലും ചുറ്റുപാടുകളിലുമുള്ള ബ്രദറൺ സഭകളുടെ സഹകരണത്തിൽ ബി.ബി.സി. ഓഡിറ്റോറിയത്തിൽവെച്ച് നടത്തിവരുന്ന 15–ാമത് വി.ബി.എസ്. ഏപ്രിൽ 16 മുതൽ 21 വരെ അനുഗ്രഹീതമായി നടന്നു. 140–ഓളം കുഞ്ഞുങ്ങൾ പങ്കെടുത്തു. സാമുവൽ റ്റി. ഫിലിപ്പ്, നിധിൻ സാമുവേൽ, ജോൺ വർഗ്ഗീസ് കൊട്ടാരക്കര ചാൾസ് വർഗ്ഗീസ്സും കുടുംബവും, ജിബി ബേബിയും കുടുംബവും, സജി, ബിജു മാത്യു തുടങ്ങിയവർ പ്രധാന ലീഡേഴ്സ് ആയിരുന്നു.

## ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് കാരമലയിൽ കൺവൻഷൻ നടത്തി.

**പ്ലാങ്കമൺ.** റാന്നി പ്രാദേശിക ബ്രദറൺ സഭകളുടെ സുവിശേഷ സംരംഭമായ ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് കാരമല സഭയുടെ സഹകരണത്തിൽ ഏപ്രിൽ 27 മുതൽ 29 വരെ സുവിശേഷയോഗങ്ങളും സംഗീതശുശ്രൂഷയും നടത്തി. സുവിശേഷകന്മാരായ ബിജു വർഗീസ്, സി. റ്റി. ജോണിക്കുട്ടി, ചാൾസ് ജോൺ എന്നിവർ സന്ദേശം നല്കി. ജോൺലി ചാൾസും ജോസ്സി ഏബ്രഹാമും ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. കഴിഞ്ഞ ഒരു മാസമായി ബി. ജി. എഫ്. ഈ പ്രദേശങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തി വരികയായിരുന്നു. സുവിശേഷകൻ പി. ഡി. ജോയി സ്ഥലത്ത് പ്രവർത്തിച്ചുവരുന്നു.

# അറബി നാട്ടിൽക്രൈസ്ത ദേവാലയം പാടില്ല: സൗദി മത നേതാവ്

റിയാദ്: അറേബ്യൻ ഉപ ഭൂഖണ്ഡത്തിൽ നിന്ന് ക്രൈസ്തവ ആരാധനാലയങ്ങൾ ഒഴിവാക്കണെന്നും ആരാധനകൾക്ക് നിയന്ത്രം ഏർപ്പടുത്തണെന്നും സൗദി അറേബ്യയിലെ മത നേതാവ് ഷെക്ക് അബ്ദുൾ അസീസ് അൽ അഷേക്ക് പ്രസ്താവിച്ചു. അറേബ്യൻ ഭൂഖണ്ഡത്തിൽ ഒരു ക്രിസ്തീയ ദേവാലയവും തല ഉയർത്തി നിൽക്കുന്നത് ഇസ്ലാമിന് സഹിക്കില്ല. നൂറുശതമാനം മുസ്ലീങ്ങൾ മാത്രമുള്ള രാജ്യമെന്ന് അറിയപ്പെടുന്ന സൗദി അറേബ്യയിൽ 9 ലക്ഷത്തോളം ക്രിസ്ത്യാനികൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്ന് ജോലി ചെയ്യുന്നവരോ വിദേശ കമ്പനികൾക്ക് നേതൃത്വം നൽക്കുന്നവരോ ആയ ക്രിസ്ത്യാനികളുടെ മത സ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും ഹനിക്കപ്പെടാവുന്ന ഈ പ്രസ്തവാനകൾ ലോകത്തിന്റെ ചരിത്രം തന്നെ വഴിതിരിച്ചുവിട്ടേക്കാം. ലോകത്തിലെ രാജ്യതന്ത്രജ്ഞരുടെ ശ്രദ്ധ ഇതിലേക്ക് ഉണ്ടാകും എന്ന് ആശിക്കാൻ ദൈവജനം പ്രാർത്ഥനയോടുകൂടെ മുമ്പോട്ടുപോകുവാൻ ആവശ്യം. അറബി നാട്ടിൽ മാത്രമല്ല ലോകത്തിന്റെ ഏത് ഭാഗങ്ങളിലും എപ്പോൾ വേണമെങ്കിലും ഈ നിലയിലുള്ള എതിർപ്പുകളോ പീഢനങ്ങളോ ഉണ്ടാകാം.

നിയോഗം

| | |
|---|---|
| Chief Editor | - M.V. Babu |
| Editor | - Molly Babu |
| Managing Editor | - P.O. Samuel |
| Associate Editor's | - Shajahan V. Hassan |
| | - Titus Samuel |
| | - S. Sanjivi, 9447668224 |
| U.S. Co-ordianator | - Rajan Thomas NY 914 347 2696 |
| Editorial Board | |
| Mathew Cherian | - TX 281 487 1683 |
| Roy Varghese | - GA 770 755 5345 |
| George Samuel | - Houston |
| Advisory Board | |
| P.A. Philip | - Doha |
| P.T. Philip | - Houston |
| M.V. Sunny | - Dubai |
| Geevarghese Thankachan | - NJ |

Editing, Layout & Design
Puthethu Offset, Kallissery. 0479 2426561
desing: rajeshprasadam@gmail.com

"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്"

നിയോഗം വിശ്വാസത്തിന്റെ കാൽവയ്പാണ്.
ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുക.
വാർഷിക വരിസംഖ്യ 100 രൂപ (ഇന്ത്യ),
25 ഡോളർ (യു.എസ്.എ), 500 രൂപ (ഗൾഫ്)
**Per copy: Rs.10/-**
വിദേശരാജ്യങ്ങളിലേക്കുള്ള തപാൽ ചാർജ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ വരിക്കാർ വരിസംഖ്യയും സംഭാവനകളും അയച്ചുതന്ന് സഹകരിക്കുമല്ലോ

വാർത്തകൾ, രചനകൾ, കത്തുകൾ, വരിസംഖ്യ, വിലാസമാറ്റം,
എന്നിവ അയയ്ക്കേണ്ട വിലാസം
M.V. BABU, NIYOGAM, KALLISSERY
P.O, KERALA - 689 124
PH:0479-2426084, 9447124260
E-mail: niyogampatram@gmail.com

മാസിക ആവശ്യമുള്ളവർ
E-mail ചെയ്യുക

# വേദപുസ്തകത്തിലെ 4 അടിപൊളി സംഭവങ്ങൾ

ഡോ.പി.കെ. സാം മല്ലശ്ശേരി

**ഈ**യിടെയായി സാധാരണ കേട്ടുവരാറുള്ള ഒരു പദപ്രയോഗമാണ് ''അടിപൊളി'' എന്നുള്ളത്. വ്യക്തിപരമായോ സമൂഹമായോ നടത്തപ്പെടുന്ന പരിപാടികൾ നന്നായി വിജയിക്കുന്ന സന്ദർഭത്തിൽ ആളുകൾ അത്യാഹ്ലാദത്തോടെ പറയാറുള്ള പദമാണ് 'അടിച്ചുപൊളിച്ചു' എന്നത്. എന്നാൽ വേദപുസ്തകത്തിൽ അടിപൊളി എന്ന വാക്ക് പ്രയോഗിച്ചു കാണുന്നില്ല. അത് ഉച്ചരിക്കത്തക്കവണ്ണമുള്ള അടിപൊളി സംഭവങ്ങൾ ബൈബിളിൽ നടന്നിട്ടുണ്ടോയെന്ന് ഞാനൊന്ന് പരിശോധിച്ചു നോക്കി. അത്യാഹ്ലാദം വരുത്തിയ നാലു സംഭവങ്ങൾ എനിക്കു കാണുവാൻ കഴിഞ്ഞു. ഞാനതിനെ അടിപൊളി സംഭവമായി പേരുകൊടുത്ത് വിശദീകരിക്കുവാനാഗ്രഹിക്കുകയാണ്. ഒരു പക്ഷെ, ആ ഭാഷ ചില വിശ്വാസികൾക്കു രുചിച്ചെന്നു വരികയില്ല. ഈ ആധുനിക യുഗത്തിൽ യുവാക്കൾക്കുകൂടി രസം പകരട്ടെയെന്നു കരുതിയാണ് അടിപൊളി പ്രയോഗം ഞാനിവിടെ നടത്തിയിരിക്കുന്നത്.

1–ാമതായി, മുടിയനായ പുത്രന്റെ തിരിച്ചുവരവിൽ അവനെ വീട്ടിൽ സ്വീകരിക്കുന്നതിനോടുള്ള ബന്ധത്തിൽ അടിച്ചുപൊളിച്ചുവെന്നു വേണമെങ്കിൽ പറയാം. (ലൂക്കൊസ് 15:22–24) പിതാവിന്റെ കയ്യിൽ നിന്ന് അവൻ സ്വത്തെല്ലാം കൊണ്ടുപോയി ദുർമ്മാർഗങ്ങൾക്കു ചിലവഴിച്ച് ധൂർത്തടിച്ചുകളഞ്ഞു. മുടിയനായ പുത്രന്റെ ജ്യേഷ്ഠന്റെ ഭാഷയിൽ പറഞ്ഞാൽ ''വേശ്യമാരോടുകൂടി മുതൽ തിന്നുകളഞ്ഞവനാണവൻ''. എങ്കിലും തിരിച്ച് വന്ന് അപ്പനെ കണ്ടപ്പോൾ പരസ്പരം കെട്ടിപ്പിടിച്ച് ചുംബിക്കുകയായിരുന്നു. അപ്പൻ അതുകഴിഞ്ഞ് മേൽത്തരമായ അങ്കി കൊണ്ടു വന്ന് അവനെ ധരിപ്പിച്ചു. അവന്റെ കൈയ്ക്കു മോതിരമണിയിച്ചു. കാലിന് ചെരിപ്പിട്ടു നൽകി. തടിപ്പിച്ച കാളക്കുട്ടിയെ അറുത്ത് രുചികരമായ ഭോജനമുണ്ടാക്കി സകലർക്കും കൊടുത്തു. എന്നിട്ട് പാട്ടുപാടി ആനന്ദിച്ചതിങ്ങനെയായിരുന്നു. ''എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു''. ഇത്തരത്തിൽ അവർ അടിച്ചുപൊളിച്ചുവെന്നുതന്നെ പറയാം. എന്നിട്ടപ്പന്റെ ഒരു ന്യായീകരണവും മൂത്തമകനോടു പറഞ്ഞു. ''ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യമായിരുന്നു'' എന്ന്. (ലൂക്കൊ. 15:32). മാനസാന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി എങ്ങനെ അടിച്ചുപൊളിക്കാതിരിക്കും? സ്വർഗ്ഗം സന്തോഷിച്ച ദിവസം! അത്രയ്ക്ക് ഉന്നതമാണ് ഒരാത്മാവിന്റെ വില. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം?'' (മത്തായി 16:26) മുടിയനായ പുത്രൻ ദൈവമില്ലാത്തവനായി ജീവിച്ചു, ഇപ്പോൾ അവൻ പാപം ഏറ്റുപറഞ്ഞു ദൈവപൈതലായിത്തീർന്ന് ആത്മാവിനെ നഷ്ടപ്പെടുത്താത്തവനായി ജീവിതം ധന്യമാക്കിയിരിക്കുന്നു.

2–ാമതായി, ഗൊല്യാത്തിന്റെ ശിരച്ഛേദത്തിൽ ജനങ്ങളുടെ ആഹ്ലാദം അണപൊട്ടി ഒഴുകി. അവിടെയും അത്യാനന്ദത്തിന്റെ അടിപൊളി നടന്നു. (1 ശമു. 18:6,7). ആറു മുഴവും ഒരു ചാണും നെടുപ്പമുള്ള മല്ലനായ ഗൊല്യാത്ത് ഏലാ താഴ്വരയിൽ നിന്ന് യിസ്രയേൽ ജനത്തോട് രോഷാകുലനായി നിന്ദ്യമായ ഭാഷയിൽ വെല്ലുവിളിച്ചു. യിസ്രയേലിൽ ആരുടെയും വായ് ഗൊല്യാത്തിനെതിരായി തുറന്നില്ല. പകരം ''യിസ്രായേല്യരൊക്കെയും കണ്ടപ്പോൾ ഏറ്റവും ഭയപ്പെട്ട് അന്റെ മുമ്പിൽ നിന്ന് ഓടി'' (1 ശമു 17:24) അവന്റെ ഔത്യത്തോടുകൂടെയുള്ള നിന്ദാപെരുമാറ്റവും ഭീഷണിപ്പെടുത്തലും കേട്ട് പവിഴനിറമുള്ളവനും കോമളരൂപനുമായ യിശ്ശായിയുടെ മകനും ഇടയച്ചെറുക്കനുമായ ദാവീദ് സധൈര്യം മുമ്പോട്ടുവന്ന് കവിണയിലെ കല്ലുകൊണ്ട് ഗൊല്യാത്തിന്റെ തിരുനെറ്റിക്കെറിഞ്ഞ് നിലത്തു വീഴ്ത്തുകയായിരുന്നു. ആകയാൽ ''ദാവീദ് ഓടിച്ചെന്ന് ഫെലിസ്ത്യന്റെ പുറത്തുകയറിനിന്ന് അവന്റെ വാൾ ഉറയിൽ നിന്ന് ഊരിയെടുത്ത് അവനെ കൊന്ന് അവന്റെ തല വെട്ടിക്കളഞ്ഞു''. (1 ശമു. 17:51) സേനാധിപതിയായ അബ്നേർ ദാവീദിനെ കൂട്ടി ശൗലിന്റെ മുമ്പാകെ കൊണ്ടുചെന്നപ്പോൾ ഫെലിസ്ത്യന്റെ തലയും ദാവീദിന്റെ കയ്യിൽ ഉണ്ടായിരുന്നു. പിന്നീടാണ് കൂടുതൽ അടിപൊളി നടന്നത്. സകലരും ആനന്ദതുല്യരായിത്തീർന്നു. ശൗൽ രാജാവ് ദാവിദിനെ പടജ്ജനത്തിനു മേധാവി ആക്കി. യിസ്രയേല്യ പട്ടണങ്ങളിലെ ജനങ്ങൾ വിജയഗീതം പാടി ആർത്തു ഘോഷിച്ചു. സ്ത്രീകൾ ആടിയും പാടിയും നൃത്തം ചെയ്തുകൊണ്ടും തപ്പും തംബുരുവുമായി സന്തോഷത്തോടെ ഉല്ലാസമുതിർത്തു. മറ്റു വനിതകൾ വാദ്യാഘോഷത്തോടെ ഗാനപ്രതിഗാനമായി, ശൗൽ ആയിരത്തെ കൊന്നു ദാവീദോ പതിനായിരത്തെ എന്ന് ഉച്ചൈസ്തരം പാടിതിമിർത്തു. ഒടുവിൽ ശൗൽരാജാവ് ഏറ്റവും സന്തോഷചിത്തനായി തന്റെ പുത്രിയായ മീഖളിനെ ദാവീദിനു ഭാര്യയായി കൊടുത്തു. ഇതിൽപരം അടിപൊളി സംഭവം എന്തുണ്ടാകാനാണ്. ശത്രു രാജ്യത്തിന്റെ ഫെലിസ്ത്യക്കൂട്ടത്തെ തോൽപിച്ച ധീരയുവാവിന് സിംഹാസനസ്ഥനായ ശൗൽ രാജാവ് ഇതിൽപരം സമ്മാനവും സ്ഥാനമാനങ്ങളും കൊടുക്കാനുണ്ടോ? കർത്താവു നമുക്കും കിരീടങ്ങൾ ഒരുക്കിവെച്ചിട്ടുണ്ട്. അതു ലഭ്യമാകുമ്പോൾ സ്വർഗ്ഗത്തിൽവെച്ച് നമുക്കും അടിച്ചുപൊളിക്കാം!!

3–ാമതായി, യിസ്രായേൽ മക്കൾ ചെങ്കടൽ കടന്നപ്പോഴുണ്ടായ ആത്യാഹ്ലാദം അടിപൊളി സംഭവമായി തീർന്നു. (പുറപ്പാ.15:20,21). യിസ്രായേൽ ജനതയെ മിസ്രയീമിൽ നിന്നുള്ള യിസ്രായേലിലേക്കുള്ള യാത്രയ്ക്ക് മോശെയെയാണ് ദൈവം നേതാവായി പ്രധാനമായി നിയോഗിച്ചത്. പലപ്രയാസങ്ങളെയും ജനങ്ങളുടെ പിറുപിറുപ്പിനെയും തരണം ചെയ്ത് ചെങ്കടലിന്റെ കരയിൽ എത്തി. പുറകിൽ മിസ്രേമ്യപ്പട, ഇരുവശത്തും മലനിരകൾ, മുമ്പിൽ ചെങ്കടൽ, രക്ഷപ്പെടുവാൻ യാതൊരു മാർഗ്ഗവും ദൈവജനം കണ്ടില്ല. എങ്കിലും മോശെ ജനത്തോടിങ്ങനെയാണ് പറഞ്ഞത് ''ഭയപ്പെടേണ്ട; ഉറച്ചു നിൽപ്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷകണ്ടുകൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരു നാളും കാണുകയില്ല. യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു''. (പുറ. 14:13,14) യഹോവയുടെ നിർദ്ദേശപ്രകാരം മോശെ വടിയെടുത്ത് കടലിന്മേൽ നീട്ടിയപ്പോൾ കടൽ വിഭാഗിക്കപ്പെട്ട് യിസ്രായേൽ മക്കൾ കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്തുകൂടി കടന്ന് അക്കരെയെത്തി. എന്നാൽ ഇത് ലാക്കെന്നുകരുതി ഫറവോന്റെ കുതിരകളും രഥങ്ങളും കുതിരപ്പടയും സൈന്യവുമെല്ലാം ആ ഉണങ്ങിയ നിലത്തുകൂടി തന്നെ പിൻതുടർന്നപ്പോൾ ഇടത്തും വലത്തും മതിലായിനിന്ന വെള്ളം മോശെ വീണ്ടും കടലിന്മേൽ കൈനീട്ടിയപ്പോൾ ഒന്നിച്ചുചേർന്നു. അവരിൽ ഒരുത്തൻപോലും ശേഷിക്കപ്പെടാതെ വെള്ളത്താൽ സകലതിനെയും മുക്കിക്കളഞ്ഞു. യഹോവ മിസ്രയീമ്യരിൽ ചെയ്ത ഈ മഹാപ്രവൃത്തി യിസ്രയേല്യർ കണ്ണുകൊണ്ടു കണ്ടു. അവർ ആഹ്ലാദചിത്തരായി യഹോവയ്ക്കു സങ്കീർത്തനം പാടിയും നൃത്തം ചെയ്തും അടിച്ചുപൊളിച്ചു. പ്രത്യേകിച്ച് അഹരോന്റെ സഹോദരി മിര്യാം എന്ന പ്രവാചകി സന്തോഷാധിക്യത്താൽ കയ്യിൽ തപ്പെടുത്ത് അടിപൊളി നൃത്തം തന്നെ ചെയ്തു. തന്നെയോ തപ്പുകളോടും നൃത്തങ്ങളോടും കൂടെ മറ്റു സ്ത്രീകളും അണിനിരന്നു. അവർ ഇങ്ങനെയാണ് ആർത്തുല്ലസിച്ചത്. യഹോവയ്ക്ക് പാട്ടു പാടുവിൻ, അവൻ മഹോന്നതൻ! അടിപൊളിയായി അവർ ഇപ്രകാരം വീണ്ടും പാടി എന്റെ ബലവും എന്റെ ഗീതവും യഹോവയത്രെ; അവൻ എനിക്കു രക്ഷയായിത്തീർന്നു; അവൻ എന്റെ ദൈവം; ഞാൻ അവനെ സ്തുതിക്കും; അവൻ എന്റെ പിതാവിൻ ദൈവം; ഞാൻ അവനെ പുകഴ്ത്തും (പുറ. 15:2,3) പ്രിയ സ്നേഹിതരേ, നമുക്കും ഈ പല്ലവി തന്നെ പാടാം. കാരണം കർത്താവു നമുക്കുവേണ്ടി സാത്താനെതിരായി യുദ്ധം ചെയ്യും, അവൻ നമ്മെ ജയോത്സവമായി ജീവപര്യന്തം വഴി നടത്തി അക്കരെ നാട്ടിൽ എത്തിക്കും. സ്തോത്രം.

4–ാമതായി, യേശു കഴുതക്കുട്ടിയെ ഉപയോഗിച്ചു നടത്തിയ എഴുന്നെള്ളത്തിൽ അടിപൊളി നടന്നു. (ലൂക്കൊ. 19: 35–40). യേശുകർത്താവിന്റെ ശിഷ്യന്മാരിൽ രണ്ടുപേരെ ബെഥാന്യക്കടുത്തേക്ക് ആരും ഒരിക്കലും കയറിയിട്ടില്ലാത്ത കെട്ടപ്പെട്ടിരിക്കുന്ന ഒരു കഴുതക്കുട്ടിയെ അഴി

*(ശേഷം പേജ് 4–ൽ)*

സഹോദരി പംക്തി

# ഈ സമയത്തു മിണ്ടാതിരുന്നാൽ!

മെറീനാ ജോണി, മേയ്ക്കാട്

കഷ്ടതയും കണ്ണുനീരും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ നാം എത്തിച്ചേർന്നിരിക്കുന്നു. പ്രകൃതിയുടെ സംഹാരതാണ്ഡവം ഒരു വശത്ത്. മനുഷ്യന്റെ സ്വാർത്ഥതയും, പകയും, വിദ്വേഷവും മറുവശത്ത്. അമ്പരപ്പിക്കുന്ന വാർത്തകളാണ് നാം ഓരോ ദിവസവും കേട്ടുകൊണ്ടിരിക്കുന്നത്. ഗുരുശിഷ്യബന്ധം, പിതൃപുത്രബന്ധം, മാതൃപുത്രിബന്ധം, പതീപത്നീ ബന്ധം ഇവയുടെയെല്ലാം അടിസ്ഥാനം ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്നു. പഴയ യുഗത്തേക്കാൾ മനുഷ്യന്റെ ആവശ്യാനുസരണം സമ്പത്തു വർദ്ധിച്ചു. സൗകര്യങ്ങൾ വർദ്ധിച്ചു. കണ്ണിനും കാതിനും ഇമ്പമായുള്ള എല്ലാ ദൃശ്യശ്രവണമാദ്ധ്യമങ്ങളും വിശ്വാസികളെപ്പോലും ലോകാനുരൂപരാക്കിക്കൊണ്ടിരിക്കുന്നു. തന്മൂലം ആടിയുലയുന്ന തോണിപോലെ മനുഷ്യൻ സത്യത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടിരിക്കുന്നു. വചനം വായിക്കുവാനും അതിലെ സത്യങ്ങൾ ഗ്രഹിക്കാനുമുള്ള മനുഷ്യന്റെ വ്യഗ്രത മന്ദീഭവിച്ചുകൊണ്ടിരിക്കുന്നു. തലമുറകൾ സത്യം വിട്ടു ദൂരവേ സഞ്ചരിക്കുന്നു. ലോകവും അതിലുള്ളവയൊക്കെയും സൃഷ്ടിച്ച സൃഷ്ടികർത്താവിനെ ഭയമില്ലാത്ത ദൈവസ്നേഹം രുചിച്ചറിയാത്ത അനുഭവത്തിലേക്കു ദൈവജനം വീണുകൊണ്ടിരിക്കുന്നു.

പ്രിയ സഹോദരിമാരെ, നാമിതു കണ്ടും കേട്ടും കൊണ്ടുണരേണ്ട സമയമാണ്. നശിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളെയോർത്തു കരയുവാൻ തെറ്റിപ്പോകുന്ന തലമുറയെയോർത്തു വിലപിപ്പാൻ ദൈവം നമ്മെയാണ് ഭരമേൽപ്പിച്ചിരിക്കുന്നത്.



"സീയോൻ പുത്രിയുടെ മതിലേ രാവും പകലും കണ്ണുനീരൊഴുക്കുക;........ (വിലാ. 2:18–19) സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; നിങ്ങൾ ചിന്തിച്ചു വിലാപക്കാരത്തികളെ വിളിച്ചു വരുത്തുവിൻ. സാമർത്ഥ്യമുള്ള സ്ത്രീകളെ ആളയച്ചു വരുത്തുവിൻ. നമ്മുടെ കണ്ണിൽ നിന്നു കണ്ണുനീർ ഒഴുകത്തക്കവണ്ണവും നമ്മുടെ കൺപോളകളിൽ നിന്നു വെള്ളം ചാടത്തക്കവണ്ണവും അവർ ബദ്ധപ്പെട്ടു വിലാപം കഴിക്കട്ടെ. നിങ്ങളുടെ പുത്രിമാരെ വിലാപവും ഓരോരുത്തി താന്താന്റെ കൂട്ടുകാരത്തിയെ പ്രലാപവും അഭ്യസിപ്പിപ്പിൻ" (യിര. 9:17–20).

സ്വജീവനെതന്നെ വിലമതിക്കാതെ ദൈവഭയത്തിലും സ്നേഹത്തിലും മാതൃകയായ അനേക സ്ത്രീരത്നങ്ങളെ വിശുദ്ധ വേദപുസ്തകത്തിൽ നമുക്കു ദൃഷ്ടാന്തം തന്നിട്ടുണ്ട്. ഏതൊരു കാലഘട്ടത്തിലും അവ അനുവർത്തിക്കത്തക്കവയാണ്. രാത്രിയിൽ ഇരുട്ടുള്ളപ്പോൾത്തന്നെ കല്ലറയ്ക്കൽ എത്തിയ മറിയയുടെ ദൈവസ്നേഹം നാം വിസ്മരിക്കുന്നുവോ? പിതാവു ദൈവത്തോടു നേർന്നതു നിവർത്തിക്കാൻ ധൈര്യപൂർവ്വം സമ്മതം കൊടുത്ത യിപ്താഹിന്റെ മകളെ നാം ഓർക്കുന്നില്ലേ? ജീവഹാനിപോലും തൃണവൽക്കരിച്ചു ദൈവത്തെ ഭയപ്പെട്ട് ഒറ്റുകാരെ രക്ഷിച്ച രാഹാബിനെ നമുക്കെങ്ങനെ മറക്കാൻ കഴിയും? കുഞ്ഞുങ്ങളില്ലാതിരുന്ന ഹന്നയ്ക്കു ദൈവം കൊടുത്ത മകനെ ദൈവത്തിനു തന്നെ സമർപ്പിച്ച ത്യാഗം എത്രയോ വലുത്. മാത്രമല്ല നിയമപരമായി നിശ്ചയിച്ച സമയത്തല്ലാതെ രാജസന്നിധിയിൽ ചെല്ലരുതെന്ന കല്പന ലംഘിച്ച് സ്വന്തജനത്തിന്റെ യെഹൂദരുടെ രക്ഷയ്ക്കുവേണ്ടി അപേക്ഷയും യാചനയും കഴിച്ച എസ്ഥേറിന്റെ പ്രത്യുല്പന്നമതിത്വം എത്രയോ ശ്രേഷ്ഠമാണ്. ദൈവത്തെ ഭയപ്പെട്ടു രാജകല്പനപോലും ലംഘിച്ച സൂതികർമ്മിണികളുടെ പ്രവൃത്തി യിസ്രായേൽ ജനത്തെ വീണ്ടെടുക്കുവാനുള്ള മോശക്കു ജീവൻ നൽകി. ഇവിടെയൊക്കെയും സ്ത്രീയുടെ ശ്രേഷ്ഠതയും വിവേകവുമാണ് വെളിപ്പെടുത്തിയിട്ടുള്ളത്. കുടുംബത്തിൽ സഭയിൽ സമൂഹത്തിൽ സ്ത്രീ തന്നെയാണ് മാതൃകയാകേണ്ടത്. ദൈവവചനവും അങ്ങനെ തന്നെ പറയുന്നു.

"അവിശ്വാസിയായ ഭർത്താവു ഭാര്യ മുഖാന്തരം വിശുദ്ധീകരിക്കപ്പെടും" (1 കൊരി. 7:14).

"ഭാര്യമാരെ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും" (1 പത്രൊ. 3:1–2). കാരണം ഒരു സ്ത്രീയിൽ മകളുടെ, സഹോദരിയുടെ, ആശ്വസിപ്പിക്കുന്ന മാതാവിന്റെ ദൗത്യം ദൈവം നിറച്ചിട്ടുണ്ട്. നാമിതിൽ എത്രത്തോളം പരാജയപ്പെട്ടിട്ടുണ്ട്? നമുക്കു മടങ്ങിവരാം. നമ്മെ സ്നേഹിച്ചു നമ്മെ വീണ്ടെടുത്ത അരുമനാഥന്റെ ഇഷ്ടം നിവർത്തിക്കാം. ഈ ലോകചിന്തകളുടെ ഉയർച്ചകളും വിട്ട് ഉയരത്തിലുള്ളതിന്നായി ബദ്ധപ്പെടാം. നമ്മുടെ സമയങ്ങൾ വിലപ്പെട്ടതാകട്ടെ. ദൈവത്തിനു സ്തോത്രം.

# ആർക്കും ഇഷ്ടനാകാതെ കഴിഞ്ഞുപോയി...



എസ്. സഞ്ജീവി,
കൂത്താട്ടുകുളം

**ദൈ**വവചനത്തിലെ ഏറ്റവും ദുഃഖപൂർണ്ണമായ വാക്യമാണിത്. ഒരു പുരുഷായുസിൽ ലഭിക്കാവുന്ന എല്ലാ സാഹചര്യവും ലഭിച്ചിട്ടും അതു ഫലപ്രദമായി വിനിയോഗിക്കുന്നതിനു പകരം ദൈവത്തിനും ദൈവജനത്തിനും എതിരായി ജീവിച്ചു നേടിയ സാക്ഷ്യമാണ് നാം മുകളിൽ കണ്ടത്.

യിസ്രായേൽ രാജാക്കന്മാരുടെ ചരിത്രം കുറിക്കുമ്പോൾ ആത്മീയദൃശ്യം നൽകുന്ന രണ്ടാം ദിനവൃത്താന്തപുസ്തകത്തിന്റെ 21–ാം അദ്ധ്യായം വിവരിക്കുന്നതു യഹോരാം എന്ന രാജാവിനെക്കുറിച്ചാണ്. ദൈവത്തിനും, ദൈവജനത്തിനും ഇഷ്ടനായി പ്രവർത്തിച്ച യെഹോശാഫാത്തിന്റെ മകനെക്കുറിച്ചാണീ ദുർഗതി എന്നു കൂടി നാം ഓർക്കണം. എന്താണിതിനു കാരണം എന്നു ചിന്തിക്കേണ്ടതാണ്.

ഒരു പക്ഷെ യഹോശാഫാത്തും ഇതിനൊരു കാരണമല്ലേ എന്നു കരുതാം. യഹോവയ്ക്കു പ്രസാദമായി ജീവിച്ചു, അത്ഭുതകരമായ ഭരണം നടത്തി ദൈവീക ആനുകൂല്യം അനുഭവിച്ച താൻ തന്റെ മകനുവേണ്ടി ദൈവഹിതത്തിനെതിരായി ജീവിച്ച യൊരാബയാമിന്റെ പാപം പോര എന്നു വെച്ചു ഈസബേലിനെക്കൂടി വിവാഹം ചെയ്ത ആഹാബുമായി ബന്ധുത കൂടി. അതുകൊണ്ട് യെഹൊശാഫാത്തിന്റെ മരണശേഷം ആഹാബിന്റെ കുടുംബം യെഹോരാമിന്റെ മേൽ ആധിപത്യം നേടി.

ഇവിടെ നാം വളരെ ഗൗരവമായി ഓർത്തിരിക്കേണ്ട ഒരു വസ്തുതയുണ്ട്. താല്ക്കാലിക നേട്ടത്തിനായി നമ്മുടെ തലമുറകളെ അവർക്കിഷ്ടപ്പെട്ടതോ, ഭൗതീക നേട്ടങ്ങൾ മുൻകണ്ടുകൊണ്ടോ മുമ്പോട്ടു നയിച്ചാൽ അവരുടെ ഭാവി ഇരുളടഞ്ഞതായി മാറാൻ സാധ്യതയുണ്ട്.

ഒരാൾക്ക് ലോകത്തിലെ മുഴുവൻ പേർക്കും ഇഷ്ടനായിരിപ്പാൻ കഴിയില്ല. എന്നാൽ ദൈവത്തിനു ഇഷ്ടനായിരുന്നാൽ കുറെപ്പേർക്കെങ്കിലും ഇഷ്ടനായി ജീവിപ്പാൻ സാധിക്കും. നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടതെന്ന് വചനം പറയുന്നു (സദൃ. 10:7). "ഒരുത്തന്റെ വഴികൾ യഹോവയ്ക്കു ഇഷ്ടമായിരിക്കുമ്പോൾ അവൻ അവന്റെ ശത്രുക്കളെയും അവനോടു ഇണയ്ക്കുന്നു" (സദൃ.16:7).

നമുക്ക് ലഭിക്കുന്ന അവസരങ്ങളും സാദ്ധ്യതകളുമെല്ലാം കൊണ്ടും ദൈവനാമമഹത്വം മാത്രം ലക്ഷ്യമാക്കി ജീവിക്കാം. എനിക്കുശേഷം എന്തായാലും കുഴപ്പമില്ല എന്ന ഹിസ്കിയാവിന്റെ ചിന്ത ദൈവജനത്തിന് നന്നല്ല.

പഴയപുറം

# അബ്രഹാം – ദൈവത്തിന്റെ സ്നേഹിതൻ

റ്റി.ജി. ശമുവേൽ, മദ്രാസ്

**പ**ഴയനിയമ ചരിത്രത്തിലെ കഥാപുരുഷന്മാരിൽ അഗ്രഗണ്യനായ ഒരാളാണ് അബ്രഹാം എന്ന് നിസ്സന്ദേഹം പറയാവുന്നതാണ്. തിരുവചനത്തിൽ വിശിഷ്ടമായ അപരനാമം ലഭിച്ചിട്ടുള്ള പല വിശുദ്ധ പിതാക്കന്മാരെപ്പറ്റി നാം വായിക്കുന്നു. അവരിൽ ഒന്നാമനാണ് അബ്രഹാം. ദൈവത്തിന്റെ സ്നേഹിതൻ (അബ്രഹാം) ദൈവത്തിന്റെ പ്രഭു (യിസ്രായേൽ-യാക്കോബ്) ദൈവത്തിന്റെ ദാസൻ (മോശെ) ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ (ദാവീദ്) എന്നിങ്ങനെ ദൈവകല്പിതമായ വിശിഷ്ട നാമങ്ങളാൽ പഴയനിയമ ഭക്തരത്നങ്ങളിൽ പലരും അറിയപ്പെട്ടിരുന്നു. മറ്റുള്ളവരെക്കാളും പിതാവ് എന്നു വിളിക്കുവാൻ ശാരീരികമായും ആത്മീകമായും അർഹതയുള്ള ആളാണ് അബ്രഹാം.

കഴിയുന്നത്ര വിവരണം ദൈർഘ്യം കൂടാതെയാണ് തിരുവചനത്തിലെ കാര്യങ്ങൾ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. ഒന്നുമില്ലായ്മയിൽ നിന്ന് സകലത്തെയും വിളിച്ചു വരുത്തിയ സൃഷ്ടിപ്പിൻ മഹൽ ചരിതം ഒറ്റ അദ്ധ്യായം കൊണ്ട് അവസാനിപ്പിച്ചിരിക്കുന്നു. അങ്ങനെയിരിക്കെ ഉല്പത്തി പുസ്തകത്തിലെ 13 അദ്ധ്യായങ്ങളിൽ പരം, അബ്രഹാമിന്റെ ജീവിതത്തെ സംബന്ധിച്ച് എഴുതുവാൻ മോശെ നിയുക്തനായത് അത്ര പ്രധാനമായ കാരണം അതിനുള്ളതുകൊണ്ടു തന്നെയാണ്.

കഴിഞ്ഞ അനേകം ശതാബ്ദങ്ങളായി ലോകത്തിലെ മൂന്നു പ്രധാന വകുപ്പിൽപ്പെട്ട -യഹൂദന്മാർ, ക്രിസ്ത്യാനികൾ, മുഹമ്മദീയർ - ജനങ്ങളുടെ ബഹുമാനത്തെ ആർജ്ജിച്ചു കൊണ്ട് അബ്രഹാം നിലകൊള്ളുന്നു. ഇവർക്കെല്ലാം അബ്രഹാം തങ്ങളുടെ പിതാവായിട്ട് ഉണ്ട് എന്നുള്ളത് പ്രശംസാവിഷയം തന്നെ.

അബ്രഹാമിന്റെ വിളിയോടു കൂടെ മനുഷ്യചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങുകയാണ് ചെയ്തത്. അതിനു മുൻപ് ദൈവത്തിന് മനുഷ്യവർഗ്ഗത്തോടുള്ള ഇടപാടുകൾ വ്യക്തികൾ എന്നുള്ള നിലയിൽ മാത്രമായിരുന്നു. അബ്രഹാമിന്റെ വിളിയോടു കൂടെ ദൈവം ഒരു പ്രത്യേക വർഗ്ഗത്തോട് ഇടപെടുവാൻ ആരംഭിക്കുന്നു. ദൈവത്തെ സംബന്ധിച്ച് പുതിയ പുതിയ വെളിപ്പാടുകൾ അബ്രഹാമിന്റെ ജീവിതം മുഖേന നമുക്ക് അറിയായി വരുന്നു. അവന്റെ ജീവതത്തെ പിന്നീടുള്ള മനുഷ്യവർഗ്ഗത്തിനൊക്കെയും വിശിഷ്യാ അബ്രഹാമിന്റെ കാൽചുവടുകളെ വിശ്വാസത്താൽ പിൻതുടരുന്നവർക്കൊക്കെയും, സാധനപാഠമാക്കിത്തീർത്തിരിക്കുകയാണ്. വിശ്വാസജീവിതത്തിന്റെ ഒരു പൂർണ്ണകാലഘട്ടത്തെയാണ് അബ്രഹാമ്യജീവിതത്തിലെ അന്ത്യശതാബ്ദം നമുക്കുകാണിച്ചു തരുന്നത്. തന്റെ 75–ാമത്തെ വയസ്സിൽ വിശ്വാസത്താൽ വാഗ്ദത്തനാടിനെ നോക്കിക്കൊണ്ടു പുറപ്പെട്ടവൻ 175–ാമത്തെ വയസ്സിലും തന്റെ പുത്രപൗത്രന്മാരോടു കൂടെ വിശ്വാസത്താൽ, അടിസ്ഥാനമുള്ള നഗരത്തെ നോക്കിക്കൊണ്ട് കൂടാരവാസം ചെയ്യുന്നതായി നാം കാണുന്നു.

അബ്രഹാം തന്റെ പിതാവായ തേരഹിനോടു കൂടെ (അന്ന് അവന്റെ പേർ അബ്രാം എന്നായിരുന്നു). കൽദയപട്ടണമായ ഊരിൽ താമസിക്കുമ്പോൾ തേജോമയനായ ദൈവം അവനു പ്രത്യക്ഷനായി. (അപ്പോ. 7:2) അബ്രഹാമിനു മുമ്പ് ദൈവം ഇതുപോലെ മനുഷ്യർക്ക് പ്രത്യക്ഷനായതായി നാം കാണുന്നില്ല. ദൈവം അബ്രഹാമിന് 4 പ്രാവശ്യം പ്രത്യക്ഷനായതായും 4 അരുളപ്പാടുകൾ നൽകിയതായും അവൻ 4 ബലി പീഠങ്ങൾ പണിതതായും ഉൽപത്തിപുസ്തകത്തിൽ വായിക്കുന്നു.

പ്രത്യക്ഷത :- ഉല്പത്തി:- 12:7, 17:1, 18:1, 22:1
അരുളപ്പാട്:- ഉല്പത്തി:- 12:1, 13:14, 15:1, 22:22
ബലിപീഠം:- ഉല്പത്തി:- 12:7, 12:8, 13:18, 22:9

ഒന്നാമതായി ദൈവം അബ്രഹാമിനോട് അരുളിച്ചെയ്തത് "നീ നിന്റെ ദേശത്തേയും ചാർച്ചക്കാരെയും പിതൃഭവനത്തേയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക" എന്നായിരുന്നു ഉല്പ. 12:1. ആ പുരാതനകാലത്ത് ഊർ പട്ടണം വളരെ പുരോഗമിച്ചിരുന്നു എന്ന് ചരിത്രഗവേഷകന്മാരുടെ കണ്ടുപിടിത്തങ്ങളിൽ നിന്ന് നാം അറിയുന്നു. ഒരു മനുഷ്യന്റെ ജീവിതത്തോട് അപരിഛേദ്യമായ ബന്ധം വഹിക്കുന്നവയാണ് സ്വന്തകുടുംബം, ചാർച്ചക്കാർ, സ്വന്തദേശം എന്നിവ. ഇവയെ എന്നേക്കുമായി വിടുക എന്നുള്ളതാണ് അബ്രഹാമിനുള്ള ഒന്നാമത്തെ കല്പന.

പഴയതിനെ ഒക്കെയും വിട്ടിട്ട് ദൈവത്തോടു കൂടെ അബ്രഹാമിന് ഒരു പുതിയ ആരംഭം ഉണ്ടാകുന്നു. അവനെ സംബന്ധിച്ചിടത്തോളെ അത് ഒരു മരണം തന്നെയായിരുന്നു ആ പുറപ്പാടിന് അബ്രഹാമിനെ പ്രേരിപ്പിച്ചത് ദൈവത്തിന്റെ വാഗ്ദത്തം ആയിരുന്നു. ഒന്നാമത്തെ കല്പനയോടു കൂടെ അബ്രഹാമിനു വാഗ്ദത്തങ്ങൾ നൽകപ്പെട്ടു. ഉല്പ: 12:2-3. ദൈവം എപ്പോഴും മനുഷ്യനെ അഭിമുഖീകരിക്കുന്നത് അങ്ങനെയാണ്. തന്റെ കല്പനയോടു കൂടെ അനുസരിക്കുന്നവർക്ക് വിലയേറിയ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. അബ്രഹാമിന്റെ പുറപ്പാടിന് വിശ്വാസം ആധാരമിയിരുന്നില്ലെങ്കിൽ അത് വെറും ഭ്രാന്ത് എന്നു തോന്നിപ്പോകും.

അബ്രഹാമിന് ദൈവത്തിന്റെ വിളി ആദ്യം ഉണ്ടായപ്പോൾ തന്റെ പിതാവായ തേരഹ് തന്റെ കുടുംബത്തെ എല്ലാം കൂട്ടിക്കൊണ്ട് ഊർപട്ടണം വിട്ട് നദി കടന്നു ഹാരാൻ വരെ വന്നു പാർത്തു. എന്നാൽ ആ സ്ഥലം അബ്രഹാമിന് ദൈവം കാണിച്ചുകൊടുത്ത സ്ഥലം അല്ലായിരുന്നു. തേരഹിന്റെ മരണശേഷം മാത്രമാണ് അബ്രഹാം പുറപ്പെട്ട് ദൈവം കാണിച്ച സ്ഥലത്ത് എത്തിയത്. ആത്മീകമായ ഉണർച്ച നമ്മിൽ ഉളവാകുമ്പോൾ പലപ്പോഴും പഴയ മനുഷ്യൻ അതിന് ഏതാണ്ടൊന്ന് അനുകൂലിച്ചെന്നു വരാം, എന്നാൽ പഴയ മനുഷ്യന് (ജഡത്തിന്) വിധേയപ്പെടുന്ന കാലത്തോളം നാം ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്ക്, അനുഗ്രഹങ്ങൾക്ക്, അന്യപ്പെട്ടവരായിരിപ്പാനെ കഴിയുകയുള്ളൂ.

തുടരും...

## വേദപുസ്തകത്തിലെ 4 അടിപൊളി സംഭവങ്ങൾ

(തുടർച്ച പേജ് 3- നിന്നും)

ച്ചുകൊണ്ടുവരാൻ പറഞ്ഞയച്ചു. അങ്ങനെ അവർ കഴുതയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു തങ്ങളുടെ വസ്ത്രം കഴുതക്കുട്ടിമേലിട്ടു. യേശു കഴുതക്കുട്ടിപ്പുറത്ത് കയറി. അവൻ സഞ്ചരിക്കുവാൻ ആരംഭിച്ചപ്പോൾ അവിടക്കൂടിയ ജനങ്ങളെല്ലാം യേശുവിനെ കണ്ടു മതിമറന്ന് പാടുവാനും സന്തോഷിക്കുവാനും തുടങ്ങി. അവരുടെ വസ്ത്രം വഴിയിൽ വിരിച്ച് എതിരേൽക്കുന്ന രീതികൾ ജനങ്ങൾ തന്നെ ചെയ്തു. കുരുത്തോലകൾ വഴിനീളെ വിതറി. അവൻ ഒലിവുമലയുടെ ഇറക്കത്തിനടുത്തപ്പോൾ ശിഷ്യഗണങ്ങളെല്ലാം തങ്ങൾ കണ്ട സകല വീര്യപ്രവർത്തികളേയും കുറിച്ചോർത്താനന്ദിച്ചു അത്യുച്ചത്തിൽ ദൈവത്തെ പുകഴ്ത്തി. അവർ മുദ്രാവാക്യങ്ങൾ മുഴക്കിയതിങ്ങനെയാണ്. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവു വാഴ്ത്തപ്പെട്ടവൻ, സ്വർഗ്ഗത്തിൽ സമാധാനവും അത്യുന്നതങ്ങളിൽ മഹത്വവും എന്നു പറഞ്ഞു. (ലൂക്കൊ. 19:38-40) എന്തൊരാനന്ദത്തിന്റെ അടിപൊളി! രാജാധിരാജാവും കർത്താധികർത്താവുമായ യേശുക്രിസ്തു വീണ്ടും വരാറായിയെന്നുള്ള സൂചനകൾ! നമുക്കവനെ അടിപൊളിയായി എതിരേറ്റ് സ്തോത്രഗാനം മുഴക്കാനൊരുങ്ങാം. യേശു വീണ്ടും വരുന്നത് എപ്പോഴാണെന്ന് നിശ്ചയമില്ലാത്തതിനാൽ എപ്പോൾ വന്നാലും അവനെ സ്വീകരിപ്പാൻ ജാഗരൂകരായിരിക്കാം.

കർത്താവിൽ പ്രിയരേ, മുടിയനായ പുത്രൻ തിരിച്ചുവന്നപ്പോൾ ആഹ്ലാദത്തിന്റെ അടിപൊളി നടന്നതുപോലെയും, ഗൊല്യാത്തിന്റെ ശിരച്ഛേദത്തിൽ അത്യാഹ്ലാദത്തോടെ ഗാനാലാപം നടത്തിയ മാതിരിയിലും, യിസ്രയേൽ മക്കൾ ചെങ്കടൽ കടന്നു കഴിഞ്ഞപ്പോൾ ആനന്ദഭേരിയാൽ സ്തോത്രം മുഴക്കിയതുപോലെയും യേശുവിന്റെ രണ്ടാം വരവിന്റെ മുന്നോടിയായി ജനങ്ങൾ എതിരേറ്റതുപോലെയും, വിശ്വാസികളായ നമുക്കും കർത്താവിനെ എതിരേൽപ്പാൻ കാത്തിരിക്കാം. എപ്പോഴും സന്തോഷിക്കാം. ഉല്ലാസഹൃദയത്തോടെയും ഹൃദയപരമാർത്ഥതയോടെയും ക്രിസ്തുവിന്റെ രണ്ടാം വരവിനുവേണ്ടി ഒരുങ്ങാം. നമ്മുടെ ജീവിത വിശുദ്ധിയുടെ അംഗീകാരമായി അടിപൊളിസന്തോഷത്തിൽ നയിക്കപ്പെടാൻ പ്രാർത്ഥിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ. ●

**പ്രസിദ്ധ ക്രിസ്തീയ ഗ്രന്ഥകാരനായ ശ്രീ. എം.വി. തോമസിന്റെ പുതിയ ഏഴ് പ്രസിദ്ധീകരണങ്ങൾ**

1. വേദപുസ്തകത്തിലെ പേരുകളും അർത്ഥങ്ങളും
   MVT Bible Treasury Series - 45, Rs. 75/-
2. സമാഗമനകൂടാരം
   MVT Bible Treasury Series - 46, Rs. 75/-
3. വിലാപങ്ങൾ (വ്യാഖ്യാനം)
   MVT Bible Treasury Series - 47, Rs. 50/-
4. വേദപുസ്തകത്തിലെ സ്ഥലങ്ങളും അർത്ഥങ്ങളും
   MVT Bible Treasury Series - 48, Rs. 75/-
5. സ്വർഗ്ഗം
   MVT Bible Treasury Series - 49, Rs. 70/-
6. ഹോശേയ പ്രവചന വ്യാഖ്യാനം
   MVT Bible Treasury Series - 50, Rs. 90/-
7. ബിലെയാം - അനീതിയുടെ കൂലി കൊതിച്ചവൻ
   MVT Bible Treasury Series - 51, Rs. 70/-

ഒരുമിച്ച് ഓർഡർ ചെയ്യുന്നവർക്ക് 505 രൂപ വിലയുള്ള ഈ പുസ്തകങ്ങൾ പോസ്റ്റേജ് ഉൾപ്പെടെ 400 രൂപയ്ക്ക് ലഭിക്കുന്നതാണ്.

വില M.O. ആയി മാത്രം : മേൽവിലാസം ഫോൺ സഹിതം വ്യക്തമായി എഴുതിയിരിക്കണം. പുസ്തകം ബുക്ക് ചെയ്യുന്നവർക്ക് 2012 മെയ് 30-നകം ലഭിക്കുന്നതാണ്.

പുസ്തകങ്ങൾ ആവശ്യപ്പെടേണ്ട വിലാസം :
Freedom, Vadakkadathucavu P.O., Adoor - 691 526
Mob: 9447558128

# ക്രിസ്ത്യൻ ട്രേഡ് അസോസിയേഷൻ ഇന്ത്യയിൽ രൂപീകരിച്ചു.

ഡോ. ബാബു കെ. വർഗീസ് (ചെയർമാൻ), ഡോ. സി. വി. വടവന (ജന. സെക്രട്ടറി)

**തിരുവല്ല:** ക്രിസ്ത്യൻ ട്രേഡ് അസോസിയേഷൻ, ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചു. ലോകത്തെമ്പാടുമുള്ള ക്രൈസ്തവ ഗ്രന്ഥങ്ങളുടെ പ്രസാധക വ്യാപാര വിതരണ രംഗത്തെ ത്വരിത വളർച്ചയാണ് ഈ അസോസിയേഷൻ ലക്ഷ്യമിടുന്നത്. ഉത്തമ ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ നാനാതുറയിൽപ്പെട്ട ആളുകളുടെ ജീവിതത്തെ സ്വാധീനിക്കുകയെന്നതാണ് ഇതിൽക്കൂടി ഉദ്ദേശിക്കുന്നത്. ക്രൈസ്തവ ഗ്രന്ഥങ്ങൾക്കും മറ്റ് ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിലുപരി, പുസ്തക പ്രസാധകർക്കും വില്പനക്കാർക്കും വിതരണക്കാർക്കും ഇടയിലുള്ള സഹകരണവും കൂട്ടായ്മയും പരിപോഷിപ്പിച്ച് ദൈവരാജ്യത്തിന്റെ സമൂല വളർച്ച കൈവരിക്കുകയാണ് ക്രിസ്ത്യൻ ട്രേഡ് അസോസിയേഷന്റെ പ്രവർത്തന ലക്ഷ്യം.

ഇന്ത്യയിൽ ആദ്യമായാണ് അസോസിയേഷന്റെ ശാഖ രൂപം കൊള്ളുന്നത്. ഭാരതത്തിലെ നിരവധി പ്രമുഖ ക്രൈസ്തവ പുസ്തകപ്രസാധകരും എഴുത്തുകാരും ഇതിന്റെ അംഗങ്ങളാണ്. ജൂലൈയിൽ അമേരിക്കയിലെ അറ്റ്ലാന്റയിൽ നടക്കുന്ന ലോക പുസ്തകമേളയിൽ ഇന്ത്യൻ പ്രതിനിധികൾ പങ്കെടുക്കും. ഈ സമ്മേളനത്തിൽ ഇന്ത്യൻ ചാപ്റ്ററിന്റെ സമ്മേളനവും ക്രമീകരിച്ചിട്ടുണ്ട്.

തിരുവല്ലയിൽ നടന്ന മീറ്റിംഗിൽ ക്രിസ്ത്യൻ ട്രേഡ് അസോസിയേഷന്റെ ഇന്ത്യയിലെ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഡോ. ബാബു. കെ വർഗ്ഗീസ് (മീഡിയാ കൺസൾട്ടന്റ്, മുംബൈ), ഡോ. സി.വി. വടവന (സത്യം പബ്ലിക്കേഷൻസ്) എന്നിവർക്കൊപ്പം വൈസ് ചെയർമാന്മാരായി ജോണി കെ. ജെ. (OM ബുക്ക്സ് ഇന്റർനാഷണൽ), റവ. ആശിഷ് മോസ്സസ് (ISPCK, ഡെൽഹി), റവ. മാണി ചാക്കോ (ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ), ഡോ. മാത്യു വർഗീസ് (ബൈബിൾ ടവർ, കേരള), ക്രിസ്റ്റഫർ റോബർട്ട്സ് (ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ സർവ്വീസ്), റവ മാത്യു ഡാനിയേൽ (CSS ബുക്ക്സ്) എന്നിവരും ജോയിന്റ് സെക്രട്ടറിമാരായി റവ. സണ്ണി ഏബ്രഹാം (സുവാർത്താ ഭവൻ), അച്ചൻകുഞ്ഞ് ഇലന്തൂർ (മരുപ്പച്ച മാസിക), ചാർലി ഏബ്രഹാം (ക്യാമ്പസ് ക്രൂസേഡ്, ബാംഗ്ലൂർ) എന്നിവരും കമ്മറ്റി അംഗങ്ങളായി സി.പി. മോനായി (സുഭാഷിതം മാസിക), ജൈജു ജോസഫ് (ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റ്), ഇമ്മാനുവേൽ പ്രഭു ആർ. (വേർഡ് ഓഫ് ക്രൈസ്റ്റ്), ഫിലിപ്പ് സോളമൻ (ഇൻപ്രസ്), സിസ്റ്റർ. മറിസാ മാത്യു (പൗളൈൻ ബുക്ക് ആൻഡ് മീഡിയ സെന്റർ, ബാംഗ്ലൂർ), ജെ ഓബേദ് ജബകുമാർ (ക്രിസ്ത്യൻ ബുക്ക്സ് ആൻഡ് മ്യൂസിക് വേൾഡ്), സാമുവേൽ ബാബു (നവോയിത്ത് എന്റർപ്രൈസസ്) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

(തുടർച്ച പേജ് 1- നിന്നും)

## നമുക്കു മുൻപിൽ

"നമ്മുടെ അടുക്കൽ എപ്പോഴും തയ്യാറായി നിൽക്കുന്ന പാപം" എന്ന് റോമൻ കത്തോലിക്കാ മാന്നാനം പരിഭാഷയിലും "സദാ നമ്മുടെ അടുക്കൽ തയ്യാറായി നിൽക്കുന്ന പാപത്തേയും എന്ന് "കോന്നാട് മല്പാൻ പരിഭാഷയിലും കാണുന്നു. പാപം എപ്പോഴും മനുഷ്യനെ വീഴിക്കുവാൻ നമുക്ക് ചുറ്റിലും ഉണ്ട്. പാപത്തിൽ വീഴുവാൻ തക്കവണ്ണം സാത്താൻ നമുക്ക് ചുറ്റും കെണി വെച്ചിരിക്കുകയാണ്. ഭൂലോകം എന്ന് പറഞ്ഞാൽ ഒറ്റവാക്കിൽ പാപം എന്ന് പറയാം.

ചില വൃക്ഷങ്ങളിൽ ഇത്തിക്കണ്ണി മുളച്ച് വളരുന്നതായിക്കാണാം. കുറെക്കഴിയുമ്പോൾ അതിന്റെ വേര് ഒരു ചെറിയ കയർ എന്ന പോലെ കീഴെ മണ്ണിലേക്കിറങ്ങുന്നതായിക്കാണാം. വീണ്ടും ചില വർഷങ്ങൾ കഴിയുമ്പോൾ ഒരു പെരുമ്പാമ്പിനെപ്പോലെ ചുറ്റി പുണർന്ന് വളർന്ന് പഴയവൃക്ഷത്തിന്റെ മുകളിലേക്ക് വളരും. ഏതാനും വർഷങ്ങൾക്കൂടി കഴിയുമ്പോൾ പഴയ നല്ല വൃക്ഷം ഉണങ്ങിപ്പോകയും താൻ ശക്തനായിത്തീരുകയും ചെയ്യും. ഇത് പലയിടങ്ങളിലും നമുക്ക് കാണാൻ കഴിയുന്ന സത്യമാണ്. ഇതുപോലെ മുറുകെപ്പറ്റുന്ന പാപം ഒരു വിശ്വാസിയെ ഗ്രസിച്ചു കളയും എന്നുള്ളതിന് യാതൊരു പക്ഷാന്തരവുമില്ല. നാം ചിന്തിച്ച വൃക്ഷത്തിന്റെ തടി യാതൊരു മരപ്പണിക്കും വിറകിന് പോലും കൊള്ളുന്നതല്ല. ഏത് പാപവും ഓട്ടത്തിന്ന് പ്രതിബന്ധമായി നിൽക്കാം. ദുരാഗ്രഹങ്ങളുടെ മൂലകാരണമായ പാപത്തെയാണ് ഉദ്ദേശിക്കുന്നത് എന്ന് കാൽവിൻ പറയുന്നു. വിശ്വാസത്തിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്ന ഭാഗമായതുകൊണ്ട് വിശ്വാസത്യാഗത്തിലേക്ക് നടത്തുന്ന അവിശ്വാസമായിരിക്കാം മുറുകെപ്പറ്റുന്ന പാപം എന്ന് ഒരു വലിയ പങ്ക് വ്യാഖ്യാതാക്കളും വിശ്വസിക്കുന്നു. *തുടരും...*

### വിവാഹവേദി

ബ്രദറൺ യുവാവ്, 25 വയസ്സ്, 5.4" ഉയരം, +2 വിദ്യാഭ്യാസം. എല്ലാ വിധ ഡ്രൈവിങ്ങും പഠിച്ച് ഡ്രൈവറായി ജോലി ചെയ്യുന്നു. രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ജില്ല ഏതുമാകാം.
Contact No. - 9562565160

ബ്രദറൺ യുവതി 27, 5.1", (GNM), മുംബെയിൽ ജോലി. ഫോൺ : 0476-285694

ബ്രദറൺ യുവതി 25, 5.3", (GNM), ദുബായിൽ ജോലി. വിദേശത്തേക്കു കൊണ്ടു പോകാൻ സാദ്ധ്യത. ഫോൺ : 0476-285694


# മഹത്വത്തിൽ



**മഴുക്കീർ :** കാട്ടുവേലിൽ കുഞ്ഞുകുട്ടി കുര്യാക്കോസിന്റെ ഭാര്യ വത്സമ്മ (59) 2012 ഏപ്രിൽ 13ന് താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. സഹോദരി ചിങ്ങവനത്ത് മേച്ചേരിൽ കുടുംബാംഗമാണ്. മക്കൾ ജോബി, ജോജി. മരുമക്കൾ: ഷെറിൻ, റാന്നി നെച്ചുമണ്ണിൽ ലിൻസി, പുത്തൂർ കണ്ടൻ പേരൂർ. ഇരുവരും യു.എസിൽ കുടുംബമായി കഴിയുന്നു. സഹോ. കുഞ്ഞുകുട്ടിയും വത്സമ്മയും ബഹറിനിൽ ആയിരിക്കുമ്പോൾ രക്ഷിക്കപ്പെട്ട് ബഹറിൻ മജിലിസ് ബ്രദറൺ സഭാകൂട്ടായ്മയിൽ ദീർഘകാലം തുടർന്നിരുന്നു. 17 ന് മഴുക്കീർ ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.



**റാന്നി:** കാഞ്ഞിരത്താമല മുളങ്കുന്നിൽ ബ്രദർ എം. എ. ജോർജ്ജ് ഫ്ളോറിഡയിൽ വെച്ച് നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാരം ഏപ്രിൽ 17 ന് നടത്തി. ഭാര്യ പരേതയായ സാറാമ്മ ജോർജ്ജ്. മക്കൾ രാജു, ശാന്തമ്മ, സണ്ണി, പരേതയായ മേഴ്സി, മരുമക്കൾ: ഫിൽസി, ബേബിക്കുട്ടി, സാലി.



**അങ്കമാലി:** പ്രമുഖ വ്യവസായിയും ബ്രദറൺ സഭാംഗവുമായിരുന്ന ബ്രദർ ഇ.വി. സാമുവേൽ ഇടച്ചേരിൽ -88 നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാരം ഏപ്രിൽ 30 ന് അങ്കമാലിയിൽ നടത്തി. ഭാര്യ ആലീസ്, മക്കൾ: ബെല്ലാ, ബിനോയ്, പോൾ. മരുമക്കൾ: ബെറ്റി, അനിത, പരേതനായ വി.വി. മാത്യു.

**ഉമയാറ്റുകര:** മുട്ടത്ത് പരേതനായ വി. ഇ. ജോർജ്ജിന്റെ മകൻ ജിജി എം. ജോർജ്ജ് (52) 2.5.12 ൽ ഡൽഹിയിൽ വെച്ച് കർത്തൃസന്നിധി ചേർന്നു. 4.5.12 വെള്ളിയാഴ്ച ഉമയാറ്റുകര ബ്രദറൺ സഭയുടെ നേതൃത്വത്തിൽ സംസ്ക്കാര ശുശ്രൂഷ നടത്തപ്പെട്ടു. ഭാര്യ ലീലാമ്മ, മകൾ: സ്റ്റെഫിൻ, സ്റ്റെസി.



**പുനലൂർ:** താന്നിക്കാപ്പുറത്തൂട്ട് കുടുംബാംഗവും പരേതനായ എം.ഇ. ചെറിയാന്റെ മകനുമായ തോമസ് ചെറിയാൻ (ടോമി 56) കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം ഏപ്രിൽ 27, 12.30ന് പുനലൂർ ചെമ്മന്തൂർ ബ്രദറൺ സെമിത്തേരിയിൽ നടന്നു. ഭാര്യ സൂസൻ പരേതനായ സോളമൻ ഡേവിഡിന്റെ മകൾ. മക്കൾ - തോംസൺ, ആനി, സോളമൻ.



**മാരാമൺ :** മാവേലിൽ കൊച്ചുണ്ണിയുടെ (എം.ഡി. മാത്യു) ഭാര്യ എൽസി മാത്യു (76) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം 16.4.12-ൽ പൂവത്തൂർ ബ്രദറൺ സഭാസെമിത്തേരിയിൽ നടത്തി. മക്കൾ മേഴ്സി, ബ്ലെസി, മരുമക്കൾ: റോയി, ജെറി.

**റാന്നി:** ഐത്തല വെട്ടാപ്പാല പരേതനായ പൗലോസി(വി.കെ. തോമസ്) ന്റെ ഭാര്യ മേരിക്കുട്ടി 2.5.12 ൽ കർത്തൃസന്നിധി പ്രവേശിച്ചു.റാന്നി മംഗലത്ത് കുടുംബാംഗമാണ് പരേത.

**കിടങ്ങന്നൂർ:** പെരങ്ങാട്ടുപടിക്കൽ ബ്രദർ ഈശോ തോമസ് -95 കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം ഇടയാറാന്മുള സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: ഡോ. ഈശോ തോമസ്, ജെയിംസ് പി. ഈശോ

**ആന്ധ്രാപ്രദേശ്:** റ്റിസാൻമുദ്രം ബ്രദറൺ സഭാ സുവിശേഷകനും സഭാ ശുശ്രൂഷകനും ഗ്രന്ഥകാരനും പ്രഭാഷകനുമായിരുന്ന ബ്രദർ ജി. രാജറാവു 2012 ഏപ്രിൽ 11 ന് കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

**കാസർഗോഡ്:** മാൻങ്ങാട് കുറ്റിയിൽ സഹോ. കെ.എം. വർഗ്ഗീസ് നിത്യതയിൽ പ്രവേശിച്ചു. സുവി. കെ.വി. ജോൺ മകനാണ്.

**തൃശ്ശൂർ:** നെല്ലിക്കുന്ന് ആട്ടുപറമ്പിൽ സഹോ. ബേബി കർത്തൃസന്നിധി ചേർക്കപ്പെട്ടു.

# ഹൈറേഞ്ച് മേഖല-സുവിശേഷ സന്ദേശയാത്ര-നാലാം ഘട്ടം

ഹൈറേഞ്ചിലെ സുവിശേഷകന്മാരുടെ സംയുക്തപ്രവർത്തനമായ 'സുവിശേഷ സന്ദേശയാത്ര' നാലാമതു ഘട്ടം ഏപ്രിൽ 16,17 തീയതികളിൽ നടന്നു. 16 -ാം തീയതി രാവിലെ കൊച്ചറ സഭ ഹാളിൽ നിന്നു ആരംഭിച്ച് 17-ാം തീയതി വൈകിട്ട് 7 മണിക്കു മുരിക്കാശേരിയിൽ നടന്ന പരസ്യയോഗത്തോടെ സമാപിച്ചു. അന്യാർതൊളു, തൂക്കുപാലം, നെടുംകണ്ടം, ഇരട്ടയാ പെരിഞ്ചാംകുട്ടി സഭകളുടെ പ്രവർത്തനസ്ഥലങ്ങളിലൂടെയാണ് മുരിക്കാശേരിയിൽ എത്തിയത്. ഈ പ്രവർത്തനങ്ങളിൽ 30 സഹോദരന്മാർ പങ്കെടുക്കുകയും 38 സ്ഥലങ്ങളിൽ പരസ്യമായി സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. സാമ്പത്തികമായ സഹായം ഈ പ്രവർത്തനത്തിന് വളരെ ആവശ്യമുണ്ട്.

ഇതിനു മുമ്പു നടന്ന പ്രവർത്തനങ്ങൾ മൂന്നാർ മേഖലയിലായിരുന്നു. ഹൈറേഞ്ചിലെ വളരെ വലിയ ഒരു വിഭാഗമായ തമിഴ് വംശജരായ ജനങ്ങളോടു ഏപ്രിൽ 9,10 തീയതികളിലായി മൂന്നാർ മറയൂർ മേഖലകളിൽ സുവിശേഷം അറിയിച്ചു. തമിഴ് മക്കളുടെ ഇടയിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാരായ കാലേബ്, യേശുദാസ്, ജയശീലൻ, സുകൃതരാജ്, ജേക്കബ് എന്നിവർ മറ്റു സഹോദരന്മാരോടു ചേർന്നു പ്രവർത്തിച്ചു. പ്രശസ്ത തേയില തോട്ടമായ കണ്ണൻ ദേവൻ (TATA) എസ്റ്റേറ്റിലെ വിവിധ ഡിവിഷനുകളിൽ സുവിശേഷം പങ്കു വെച്ചു. 18 പരസ്യയോഗങ്ങളിലായി വാഗുവരൈ, നല്ലതണ്ണി, പുതുക്കാട്, കല്ലാർ, ലക്ഷ്മി, തലയാർ ഡിവിഷനുകളിൽ 20 സഹോദരന്മാർ ശുശ്രൂഷകളിൽ പങ്കാളികളായി.

വേനൽകാല സുവിശേഷീകരണത്തിന്റെ അഞ്ചാം ഘട്ടം രാജകുമാരി, രാജാക്കാട് മേഖലകളിൽ മെയ് 4, 5 തീയതികളിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ പ്രവർത്തനങ്ങളെ കുറിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ VM.പോൾ, എം.കെ.ജെയിംസ്, സന്തോഷ്കുമാർ, ലാലു. V.എബ്രഹാം എന്നിവരുമായി ബന്ധപ്പെടുക.
എം.കെ.സണ്ണി, അന്യാർതൊളു.

# സുവിശേഷ വയലിലേക്ക്...

പത്തനംതിട്ട ജില്ലയിൽ, നന്നുവക്കാട് ബ്രദറൺ അസംബ്ലി അംഗമായ ബ്രദർ അനിയൻ ജോർജ്ജ്, 2009 ഏപ്രിൽ മാസം മുതൽ എബനേസ്സർ ബ്രദറൺ അസംബ്ലി(കൊല്ലം)യോട് ചേർന്ന് സുവിശേഷ പ്രവർത്തനങ്ങളിലും സഭാ ശുശ്രൂഷകളിലും സഹകരിച്ചു വരികയായിരുന്നു. തന്റെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലും, പ്രേക്ഷിത വേലയ്ക്കുള്ള വിളി സഭയ്ക്കു ബോദ്ധ്യപ്പെട്ടതിനാലും തന്നെ പൂർണ്ണ സമയ സുവിശേഷകനായി സഭ അംഗീകരിക്കുകയും, ആയതിന്റെ വെളിച്ചത്തിൽ, 2012 മാർച്ച് മാസം പത്താം തീയതി എബനേസ്സർ ബ്രദറൺ അസംബ്ലി(കൊല്ലം)യിൽ വച്ച് ഒരു കമന്റേഷൻ സേർവ്വീസ്, അയൽ സഭകളുടേയും, ദേശത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സഭാ പ്രതിനിധികളുടേയും സാന്നിദ്ധ്യ സഹകരണത്തോടെ നടത്തി, സഭയുടെ അംഗീകാര പത്രവും നൽകി എന്നുള്ള വിവരം ദൈവ ജനത്തെ അറിയിച്ചു കൊള്ളുന്നു. സഹോദരന് വിവാഹിതരായ രണ്ടു പെൺ മക്കളും, MBAയ്ക്കു പഠിക്കുന്ന ഒരു മകനും ഉണ്ട്. താനും തന്റെ സഹധർമ്മിണി മോളി അനിയനും മകൻ ക്രിസ്റ്റി ജോർജ്ജും കൊല്ലത്ത് വാടക ഭവനത്തിൽ പാർത്തു കൊണ്ട് കൊല്ലം കേന്ദ്രീകരിച്ച്, പ്രവർത്തനം തുടരുന്നു. ദൈവ ജനത്തിന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയും, ആത്മാർത്ഥമായ സഹകരണവും പ്രതീക്ഷിക്കുന്നു.

സഹോദരന്റെ മേൽ വിലാസം : Evg. അനിയൻ ജോർജ്ജ്, എബനേസർ ബ്രദറൺ അസംബ്ലി, പോസ്റ്റ് ബോക്സ്. III, കൊല്ലം-691 001, Kerala. Mobile : 9497273928.
email:aniyanpgeorge@gmail.com

എബനേസർ ബ്രദറൺ അസംബ്ളിക്ക് വേണ്ടി, ഡോ.പി.വി.തമ്പി, ബ്രദർ.കെ. വി.ഈപ്പൻ, ബ്രദർ.ഡി.ജോർജ്ജുകുട്ടി

Reg. No. E. 3884/05/K.Div. Licence to post Registered News paper without pre-payment.Licence No.KL/TLA/WPP/128/2011-13
Postal Reg.No.KL/TLA/208/2011-13

niyogam

BRETHREN VARTHA PATHRIKA

2012 മെയ് 5

# വണ്ടിപ്പെരിയാർ സഭാഹാൾ സ്തോത്രശുശ്രൂഷ



ബദർ അലക്സ് ബേബി, ഷാർജ ഉദ്ഘാടന സന്ദേശം നൽകുന്നു.

**വ**ണ്ടിപ്പെരിയാർ : വണ്ടിപ്പെരിയാർ ഇമ്മാനുവേൽ ബ്രദറൺ അസംബ്ലി ഹാളിന്റെ സ്തോത്രശുശ്രൂഷ ഏപ്രിൽ 5 വ്യാഴാഴ്ച നടത്തി. ബ്രദർ അലക്സ് ബേബി, ഷാർജ ഉദ്ഘാടന സന്ദേശവും ബ്രദർ ചാണ്ടപ്പിള്ള മുഖ്യസന്ദേശവും നൽകി. സഹോദരന്മാരായ സുവി. എം. വി. ബാബു മഴുക്കീർ, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എം.കെ. ജയിംസ്, വി.എം. പോൾ, റ്റോം മട്ടയ്ക്കൽ, ജോ, കുമ്പനാട്, സാജൻ തുടങ്ങിയ സഹോദരന്മാർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. 1996-ൽ പ്രഷ്യസ് ലൈഫ് മിനിസ്ട്രീസിന്റെ ചുമതലയിൽ വണ്ടിപ്പെരിയാറിൽ പ്രവർത്തനം ആരംഭിച്ചു. ആദ്യകാലങ്ങളിൽ സുവിശേഷകന്മാരായ കെ. സി. രവി, എസ്. സഞ്ജീവി, കെ. എം. ബേബി, ഷാജഹാൻ വി. ഹസ്സൻ, എം.വി. ബാബു തുടങ്ങിയവർ പ്രവർത്തനങ്ങളിൽ സജീവമായി മുമ്പോട്ടു പോയി. ഇപ്പോൾ ബ്രദർ എ.മാത്തുക്കുട്ടി കുടുംബമായി വണ്ടിപ്പെരിയാറ്റിൽ താമസിച്ചു പ്രവർത്തനം നടത്തി വരുന്നു. മഴുക്കീർ ബ്രദറൺ സഭയുടെ സഹായസഹകരണവും ഈ പ്രവർത്തനങ്ങൾക്കുണ്ടായിരുന്നു എന്നത് സ്മരണീയമാണ്.

# ക്രിസ് സാമുവേൽ മിനിസ്ട്രി

വിജയനഗരത്തും ചുറ്റുപാടുമുള്ള ആദിവാസിഗ്രാമങ്ങളിൽ ക്രിസ് സാമുവേൽ മിനിസ്ട്രിയുടെ പ്രവർത്തനം സജ്ജീവമായി നടക്കുന്നു. ഗുമ്മക്കോട്ട എന്ന സ്ഥലത്ത് നാല് സുവിശേഷകന്മാർ പ്രവർത്തിക്കുന്നു. അഞ്ച് വർഷങ്ങൾക്കുമുമ്പ് സഹോ. ക്രിസ് സാമുവേൽ അമേരിക്കയിൽ നിന്ന് ഭാരത സുവിശേഷീകരണം ലക്ഷ്യമാക്കി വിജയനഗരത്ത് വന്ന് മണിക്കൂറുകളോളം കാൽ നടയായി യാത്രചെയ്ത് ചിഡി വത്സ, സൊണാബ, തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഈ സ്ഥലങ്ങളിലൊക്കെ സഭകൾ സ്ഥാപിതമായി. മെയ് 17,18,19 തീയതികളിൽ സ്ഥലം സഭകളുടെ ആഭിമുഖ്യത്തിൽ ബൈബിൾ ക്യാമ്പ് നടക്കുകയുണ്ടായി. ഏബ്രഹാം നായിഡു, സാമുവേൽ, ഡാനിയേൽ, തിമോഥി തുടങ്ങിയവർ നേതത്വം നൽകി.

# ടി എം എമ്മിൽ നേഴ്സിംഗ് അഡ്മിഷൻ

സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലുള്ള സമർത്ഥരായ കുട്ടികൾക്ക് നേഴ്സിംഗ് വിദ്യാഭ്യാസത്തിന് തിരുവല്ല മെഡിക്കൽ മിഷൻ അവസരം ഒരുക്കുന്നു. 'ഇപ്പോൾ പഠനം പിന്നെ ഫീസ്' എന്ന പദ്ധതിയിലൂടെ ജനറൽ നേഴ്സിംഗ് (മൂന്നര വർഷം) പഠനത്തിനുള്ള അവസരം ടി എം എം സ്ക്കൂൾ ഓഫ് നേഴ്സിംഗിൽ നടപ്പിലാക്കിയിരിക്കുന്നു. പഠനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുമ്പോൾ മുതൽ ഫീസ് തിരിച്ചടയ്ക്കുക എന്ന ഈ പദ്ധതിപ്രകാരം പുതിയ അദ്ധ്യയന വർഷത്തിലേക്കുള്ള പ്രവേശനം ഉടനെ ആരംഭിക്കുന്നു.

ബി.എസ്.സി, എം.എസ്.സി നേഴ്സിംഗ് കോഴ്സുകൾക്ക് ഈ വർഷം മുതൽ 50% സീറ്റുകൾ ഗവൺമെന്റ് കോട്ടയിലുള്ളതാണ്. ഇതിൽ 15% സീറ്റുകളിലേയ്ക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ബ്രദറൺ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കുള്ളതാണ്. എല്ലാ അപേക്ഷകരും എൽ.ബി.എസ് സെന്ററിലും ടി.എം.എം. കോളേജിലും മെയ് 10 നു മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഒരു വർഷത്തെയെങ്കിലും ജോലിപരിചയമുള്ള ബി.എസ്.സി നേഴ്സുമാർക്ക് എം.എസ്.സി നേഴ്സിംഗിന് അപേക്ഷിക്കാം. കേരള സർക്കാരിന്റെ പ്രവേശന പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
Thiruvalla Medical Mission, College of Nursing,Anjilithanam P O,
Kaviyoor, 689581, Phone No: 04692618655, 2626433, Mob No: +919447708374
Email:tmmcollege@gmail.com| www.tmmnursingcollege.in

## റാന്നി കൺവൻഷൻ 2012

റാന്നിയിലും പരിസരത്തുമുള്ള 22 പ്രാദേശിക ബ്രദറൺ സഭകൾ സംയുക്തമായി നടത്തിവരുന്ന റാന്നി കൺവൻഷൻ, ദൈവഹിതമായാൽ 2012 നവംബർ 6 ചൊവ്വ മുതൽ 11 ഞായർ വരെ റാന്നി ബ്രദറൺ ആഡിറ്റോറിയത്തിൽ വെച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരികുന്നു. സുവിശേഷകന്മാരായ ബില്ലി പി. ജേക്കബ് സിലിഗുരി, ജോൺ പി തോമസ്സ്,ചാണ്ടപ്പിള്ള ഫിലിപ്പ്, ജോർജ്ജ് ചാക്കോ, കെ.വി. മാത്യു, ജെയിംസ് തോമസ്സ് എന്നിവർ പ്രസംഗിക്കുന്നതാണ്. കൺവൻഷനു വേണ്ടി,

പി.പി ഫിലിപ്പ് - 9946964884
ജോർജ്ജ് സി. ജേക്കബ് - 9745340820

## പ്രാണനാഥനായ് പ്രാണൻ നൽകാൻ

പീഡനങ്ങളുടെ മദ്ധ്യത്തിലും നൂറുകണക്കിനു ബൈബിൾ വിദ്യാർത്ഥികൾ പുറത്തിറങ്ങി. ക്രിസ്തുവിനുവേണ്ടി മരിപ്പാൻ തയ്യാറായി നൂറുകണക്കിനു യുവാക്കൾ ഇന്ത്യയിലെ വിവിധ ബൈബിൾ കോളേജുകളിൽ നിന്നും സ്കൂളുകളിൽ നിന്നും പഠിച്ചിറങ്ങിയ ക്രിസ്തുവിന്റെ വചനവുമായി ഭാരതത്തിന്റെ വിവിധ ഗ്രാമങ്ങളിലേക്ക് പോകുന്നു. സാഹചര്യം മനസ്സിലാക്കിയാൽ മരണത്തിലേക്കാണ് ചുവടുവെയ്ക്കുന്നതെന്നറിഞ്ഞിട്ടും "ജീവൻ വെച്ചീടും യേശുവിന്നായ് അന്ത്യശ്വാസം വരെയും" എന്നു പാടിക്കൊണ്ട് സുവിശേഷവയലിലേക്ക് ഇറങ്ങുന്നു. ഇവരെ ഓർത്തു പ്രാർത്ഥിപ്പാനുള്ള ബാദ്ധ്യത ദൈവജനത്തിനുണ്ട്. ഒപ്പം സഹായിക്കുവാനും.

## മുൻ മൊറോക്കൻ ജിഹാദിസ്റ്റ് റ്റി.വി. പ്രോഗ്രാമിലൂടെ ക്രിസ്തുവിലേക്ക്

**മൊ**റൊക്കോ മുൻ മുസ്ലീം ജിഹാദായിരുന്ന ഹസ്സൻ ടെലിവിഷൻ പ്രോഗ്രാമിലൂടെ ക്രിസ്തുസന്ദേശം കേട്ടു ക്രിസ്തുവിന്റെ സ്നേഹത്തിലേക്കു വന്നതായി റിപ്പോർട്ട്. "ഞാൻ അള്ളായെ സ്നേഹിക്കയും ഭയപ്പെടുകയും ചെയ്തു. ഇസ്ലാമിക ഉപദേഷ്ടാക്കന്മാരുടെ പഠിപ്പിക്കലുകളാൽ മരണഭയം എന്നെ ബന്ധിച്ചിരുന്നു. അള്ളായോടു കൂടി പറുദീസയിൽ കഴിയുവാനാഗ്രഹിച്ചു. എന്നാൽ യേശുക്രിസ്തുവിന്റെ സ്നേഹം എന്നെ ശരിയായ സത്യങ്ങൾ പഠിപ്പിച്ചു. ദൈവത്തിങ്കലേക്കുള്ള ഏകമാർഗ്ഗം ക്രിസ്തു ആണെന്നു തിരിച്ചറിഞ്ഞതിനാൽ ജീവൻ ത്യജിക്കേണ്ടി വരുമെന്നറിഞ്ഞും ഈ ക്രിസ്തുവിനെ ഞാൻ സ്വീകരിക്കുന്നു" എന്നാണ് തന്റെ പ്രഖ്യാപനം.

### ചൈന ധാരാളം ബൈബിളിനായി കാത്തിരിക്കുന്നു

എത്ര ബൈബിൾ കിട്ടിയാലും തികയുന്നില്ലെന്ന് ക്രിസ്തീയ പ്രവർത്തകർ അറിയിക്കുന്നു. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ നിന്നും വരുന്ന വചനം കൊണ്ടും ജീവിക്കുന്നു.

## മതപരമായ പീഢനത്തിന് പാക്കിസ്ഥാന് ലോകത്തിൽ ഒന്നാം സ്ഥാനം!!

മതപരമായ ആക്രമണത്തിൽ പാക്കിസ്ഥാൻ ഒന്നാം സ്ഥാനത്തു നിൽക്കുന്നുവെന്ന് "വാഷിംഗ്ടൺ ഡി. സി. റിപ്പോർട്ടു ചെയ്യുന്നു.

ബർമ്മ, ചൈന, ഈജിപ്ത്, ഇറാക്ക്, ഇറാൻ, നൈജീരിയ, വടക്കൻ കൊറിയ, സൗദി അറേബ്യ, സുഡാൻ, ഉസ്ബക്കിസ്ഥാൻ തുടങ്ങിയവ തൊട്ടു പിന്നാലെയുള്ളതായും കണക്കാക്കുന്നു.

നിയമപരമായും, അല്ലാതെയും പാക്കിസ്ഥാനിൽ നടക്കുന്ന മതപീഢനത്തിന്റെ വ്യാപ്തി പുറംലോകം അറിയുന്നതിനും ഉപരിയാണത്രെ. കൊച്ചുകുഞ്ഞുങ്ങളുൾപ്പെടെ വളരെയധികം പേർ ജയിലുകളിലും മറ്റു തടവറകളിലും കഴിയുന്നുണ്ട്.

## ക്രിസ്ത്യൻ എക്സ്പോ

തിരുവല്ലയിൽ ഡിസംബർ ആദ്യവാരം നടത്താനാഗ്രഹിക്കുന്ന നമ്മുടെ ക്രിസ്ത്യൻ എക്സ്പോയുടെ ഭാവി പരിപാടികളെപ്പറ്റി ആലോചിക്കുവാൻ ഏപ്രിൽ 30 വൈകിട്ട് 3 മണിക്ക് സുവാർത്താ ഭവനിലുള്ള ഓഫീസിൽ ക്രൈസ്തവ സാംസ്കാരിക വേദിയുടെ മീറ്റിംഗ് കൂടുകയാണ്.

ക്രിസ്ത്യൻ എക്സ്പോയിൽ ഇന്ത്യയിലും വിദേശത്തുമുള്ള പ്രശസ്തരായ മ്യൂസിക് ട്രൂപ്പുകൾ, നോർത്ത് ഈസ്റ്റ് ഇന്ത്യയിൽ നിന്നുള്ള 100 പേർ അടങ്ങുന്ന ടീമിന്റെ ക്രിസ്തീയ സാംസ്കാരിക നൃത്തപരിപാടി, ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള 100ൽപരം പുസ്തകപ്രസാധകർ, 200 സുവിശേഷ സംഘടനകൾ, ഇന്ത്യയിലെ മിഷൻ ചിത്രങ്ങളുടെ പ്രദർശനശാല, ബൈബിളിന്റെ പുരാതന പ്രതികളുടെ പ്രദർശനം, 300 ൽപരം ക്രൈസ്തവ മാസികകളുടെ പ്രദർശനം, മിഷൻ ലീഡേഴ്സ് നടത്തുന്ന സെമിനാറുകൾ, ക്രൈസ്തവ ചിത്രകലാ പ്രദർശങ്ങൾ, ക്രൈസ്തവ തപാൽമുദ്ര(സ്റ്റാമ്പ്)കളുടെ പ്രദർശനം എന്നിവ നടത്തുവാനാണ് പ്ലാൻ ചെയ്യുന്നത്.

ഈ മീറ്റിംഗിൽ പങ്കെടുത്ത് ആലോചനകൾ നല്കുകയും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുവാൻ വേണ്ടി പ്രത്യേകം ക്ഷണിക്കുന്നു. ഈ വിഷയം ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ! വിനയത്തോടെ: ക്രിസ്ത്യൻ എക്സ്പോയ്ക്കു വേണ്ടി, ഡോ. സി.വി. വടവന, (ജനറൽ സെക്രട്ടറി), സാംകുട്ടി ചാക്കോ, (പ്രോഗ്രാം കൺവീനർ)

## S.B.S (ജനറൽ) പ്രാർത്ഥനായോഗം

സുവിശേഷകൻ ബാലസംഘം ജനറലിന്റെ ചുമതലയിൽ മാസം തോറും നടന്നു വരുന്ന പ്രാർത്ഥനായോഗം ദൈവഹിതമായാൽ മെയ്മാസം 18-ാം തീയതി വെള്ളി 6. p.m മുതൽ പെരുമ്പാവൂർ ബ്രദറൺ സഭാഹാളിൽ വെച്ച് നടക്കുന്നതാണ്. ഈ പ്രാർത്ഥനായോഗത്തിലേക്ക് എല്ലാ ബാലസംഘം പ്രവർത്തകരെയും, പ്രാർത്ഥനാസഹകാരികളെയും കർതൃനാമത്തിൽ ക്ഷണിച്ചു കൊള്ളുന്നു.
എന്ന് S.B.S ജനറലിനു വേണ്ടി
Evg. C.M. ചാക്കോ
ജനറൽ-പ്രയർ കോ-ഓർഡിനേറ്റർ

## ബൈബിൾ സാഹിത്യ പ്രവർത്തക സമിതി ഏകദിനസമ്മേളനംപൊൻകുന്നം ബ്രദറൺ ചർച്ച്

**ബ്ര**ദറൺ സമൂഹത്തിലെ സാഹിത്യകാരന്മാരുടെയും സാഹിത്യാസ്വാദകരുടെയും കൂട്ടായ്മയായ ബൈബിൾ സാഹിത്യ പ്രവർത്തക സമിതിയുടെ ഒരു ഏകദിനസമ്മേളനം പൊൻകുന്നം ബ്രദറൺ ചർച്ചിൽ വച്ച് 2012 മെയ് 18 വെള്ളി രാവിലെ 9.30 മുതൽ 1.30 വരെ നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു.

ബ്രദറൺ മിഷണറിമാരുടെ സംഭാവനകൾ സുവിശേഷ, സാഹിത്യ രംഗങ്ങളിൽ എന്ന വിഷയത്തെ അധികരിച്ച് ബ്രദർ. ലിജോ വർഗീസ് പാലമറ്റം പ്രബന്ധം അവതരിപ്പിക്കും. ബ്രദർ. ജോസഫ് മാത്യു വിഷയാവതരണം നടത്തും. ബ്രദർ. ഐസക്ക് മണ്ണൂർ ന്യൂയോർക്ക് സമ്മേളനം ഉദ്ഘാടനം ചെയ്യും. സമിതി പ്രസിഡന്റ് പി.ഇ. സാംകുട്ടി അദ്ധ്യക്ഷനായിരിക്കും. സി.റ്റി. ജോണിക്കുട്ടി, എം.വി. ബാബു, ചാൾസ് ജോൺ, ജോസഫ് പുന്നൂസ്, പി.എ. വർഗ്ഗീസ്, കുഞ്ഞുമോൻ തോട്ടപ്പള്ളി, ജോൺ സെബാസ്റ്റ്യൻ തുടങ്ങി നിരവധി സഹോദരന്മാർ ചർച്ചയിൽ പങ്കെടുക്കും.

പുതിയ സാഹിത്യ സൃഷ്ടികളുടെ അവതരണം, പ്രകാശനങ്ങൾ എന്നിവയും ഉണ്ടായിരിക്കും. ബ്രദറൺ സമൂഹത്തിലെ സാഹിത്യകാരന്മാരും സാഹിത്യാസ്വാദകരുമായ സഹോദരീ സഹോദരന്മാർക്കു പങ്കെടുക്കാം.

ബി.എസ്.പി.എസിനു വേണ്ടി
പ്രസിഡന്റ് പി.ഇ. സാംകുട്ടി
സെക്രട്ടറി സാം സഖറിയ 9447402139
ജോസഫ് മാത്യു, പൊൻകുന്നം 94951633496

NB: പൊൻകുന്നം പ്രൈവറ്റ് ബസ്സ്റ്റാൻഡിൽ നിന്നും പോസ്റ്റാഫീസിലേക്കുള്ള വഴിയിൽ അല്പം നടന്നാൽ സഭാഹാളിലെത്താം.

Printed, Published and owned by M.V.Babu, Mulampallil, Kallissery P.O.-689124. Printed at Puthethu Offset Kallissery, Published at Kallissery, Design: rajeshprasadam@gmail.com